# ലോഗോസ് 2020 പഠനസഹായി

# 1 കോറിന്തോസ് (അധ്യായങ്ങൾ 1–8)

പാലെയോപ്പൊണേസൂസിനു തെക്കുകിഴക്ക്, കൊറിന്ത്യൻ കടലിനു കിഴക്കുഭാഗത്തു സ്ഥിതിചെയ്യുന്ന ഗ്രീസിലെ വാണിജ്യപ്രാധാന്യമുള്ള തുറമുഖപട്ടണമായിരുന്നു കോറിന്തോസ്. ഗ്രീസിന്റെ പ്രകാശമെന്നാണ് ˘ കോറിന്തോസിനെ സിസറോ വിശേഷിപ്പിക്കുന്നത്. യൂറോപ്പിൽനിന്ന് ഏഷ്യയിലേക്കുള്ള എളുപ്പവഴി കോറിന്തോസിലൂടെയായിരുന്നു. വാണിജ്യപരവും വ്യാവസായികവും മതപരവുമായ കാരണങ്ങളാൽ നാനാവിഭാഗത്തിലുംപെട്ട ആളുകൾ കോറിന്തോസിൽ വാസമുറപ്പിച്ചിരുന്നു. ഗ്രീക്കുദേവന്മാരുടെ ദേവാലയങ്ങൾ, അതുമായി ബന്ധപ്പെട്ട ദേവദാസിസമ്പ്രദായം, കായികമേളകൾ, അധാർമികനിലപാടുകൾ എന്നിവയെല്ലാം കോറിന്തോസ്നഗരത്തിന്റെ ആകർഷകഘടകങ്ങളായിരുന്നു. എ.ഡി. 50-കളിൽ ഇവിടെ യഹൂദകോളനികൾ ഉടലെടുക്കുകയും സിനഗോഗ് സ്ഥാപിതമാകുകയും ചെയ്തു.

രണ്ടാം പ്രേഷിതയാത്രയിലാണ് പൗലോസ് കോറിന്തോസ് സന്ദർശിച്ചത് (അപ്പ 18,1-8). തദവസരത്തിൽ പ്രിഷില്ല, തീത്തോസ്, ക്രിസ്പോസ് തുടങ്ങിയവരെ ശിഷ്യപ്പെടുത്തുക യും അനേകരെ മാനസാന്തരപ്പെടുത്തുകയും ചെയ്തു (അപ്പ 18,7 -11; 1 കോറി 1,14). കോറിന്തോസിലെ ക്രിസ്ത്യാനികളിൽ നല്ലൊരുഭാഗം ദരിദ്രരും താഴ്ന്ന വർഗക്കാരും അറിവുകുറഞ്ഞവരും (1 കോറി 1,26-29) ശിഷ്ടഭാഗം ധനവാന്മാരും ജ്ഞാനികളും (1,10-16) യഹൂദരിൽനിന്നു മനസ്സുതിരിഞ്ഞവരുമായിരുന്നിരിക്കണം (അപ്പ 18,4.5). വൈവിധ്യമാർന്ന സഭാസമൂഹത്തിനാണ് അപ്പസ്തോലൻ എഴുതുന്നത്. ലേഖനരചനയ്ക്കുകാരണം പ്രധാനമായും ക്ലോയേയുടെ ആളുകൾ കോറിന്തോസിൽ യാത്രചെയ്തു മടങ്ങിയപ്പോൾ സഭയെക്കുറിച്ചു നല്കിയ വിവരങ്ങളും (1,11) കോറിന്തോസുകാർ പൗലോസിനോടു ചോദിച്ച ചോദ്യങ്ങൾ അടിസ്ഥാനമാക്കിയുള്ള ഉത്തരങ്ങളും സുവിശേഷാധിഷ്ഠിതമായ പ്രതികരണങ്ങളു മാണ്. അതിനാൽ, കോറിന്തോസുകാർക്കെഴുതിയ ഒന്നാംലേഖനം പല ലേഖനങ്ങൾ ചേർന്നതാണെന്ന് ചിന്തിക്കാനിടയുണ്ട്.

ഒന്നാം ലേഖനം എഫേസോസിൽവച്ച് (എ.ഡി. 54-55) ഒരു വസന്തകാലത്ത് എഴുതി എന്ന് അപ്പസ്തോലൻതന്നെ സാക്ഷ്യപ്പെടുത്തുന്നു (1 കോറി 16,8). ഇതിനുപുറമേ, വേറെ ലേഖനങ്ങൾകൂടി അപ്പസ്തോലൻ കോറിന്തോസുകാർക്ക് അയച്ചതായി സൂചനകളുണ്ട് (1 കോറി 5,9; 2 കോറി 2,4).

സഭാസമൂഹത്തിലെ വിഭാഗീയതകൾ (1-4), ധാർമിക അപചയങ്ങൾ (5,1-6,20), യുഗാന്തോന്മുഖമായ ജീവിതത്തിൽ വിവാഹം, ക്രൈസ്തവജീവിതം എന്നിവയുടെ മാനദണ്ഡങ്ങൾ (7,1-20), വിഗ്രഹാർപ്പിതഭക്ഷണത്തോടുള്ള നിലപാട് (8,1-11,1), ആരാധനക്രമത്തിലെ ക്രമക്കേടുകൾ (11,2-14,40), മരിച്ചവരുടെ ഉത്ഥാനം (15,1-58), വരദാനങ്ങളുടെ ഉപയോഗവും സ്നേഹത്തിലധിഷ്ഠിതമായ ക്രൈസ്തവസമൂഹവും (12-14) തുടങ്ങിയ വിഷയങ്ങൾ ഈ ലേഖനത്തിന്റെ പ്രത്യേകതകളാണ്.

**ഘടന**

1. 1,1-3: അഭിവാദനം
2. 1,4-9: കൃതജ്ഞതാപ്രകാശനം
3. 1,10-6,20: കോറിന്തോസിലെ സഭയിലെ അപാകങ്ങൾ, അപചയങ്ങൾ
   a. 1,10-4,21: സഭയിലെ വിഭാഗീയതകൾ
   b. 5,1-6,20: ധാർമികമേഖലയിലെ അപചയങ്ങൾ
4. 7,1-11,1: കോറിന്തോസുകാരുടെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ
   a. 7,1-40: വിവാഹവും കന്യാത്വവും
   b. 8,1-11,1: വിഗ്രഹാർപ്പിതഭക്ഷണം
5. 11, 2-14,40: ആരാധനാസമൂഹത്തിലെ പ്രശ്നങ്ങൾ
   a. 11,2-16: സ്ത്രീകളും ശിരോവസ്ത്രവും
   b. 11,17-34: കർത്താവിന്റെ അത്താഴം
   c. 12,1-14,40: വരദാനങ്ങൾ സഭാസമൂഹത്തിൽ : ലക്ഷ്യവും നിർദേശങ്ങളും
6. 15,1-58: ഉത്ഥാനം
   a. 15,1-11: ക്രിസ്തുവിന്റെ ഉയിർപ്പ്
   b. 15,12-34: മരിച്ചവരുടെ ഉയിർപ്പ്
   c. 15,35-58: ഉയിർപ്പിന്റെ സ്വഭാവം
7. 16,1-24: ഉപസംഹാരം
   a. 16,1-4: വിശുദ്ധർക്കുള്ള ധനശേഖരണം
   b. 16,5-12: യാത്രയ്ക്കുള്ള ഒരുക്കങ്ങൾ
   c. 16,13-24: അഭ്യർഥന, അഭിവാദനം

**1,1-9:** കത്തുകളുടെ നിലവിലുള്ള ഗ്രീക്കു രചനാശൈലിയാണ് പൗലോസ് (cf. റോമാ 1,1-7) അപ്പസ്തോലൻ ഇവിടെയും സ്വീകരിക്കുന്നത്. ശ്രോതാക്കളെ ആനുകാലിക സാഹചര്യങ്ങളെക്കുറിച്ച് ഓർമപ്പെടുത്തുകയും കത്തിൽ ചർച്ച ചെയ്യപ്പെടാൻ പോകുന്ന ചില വിഷയങ്ങളുടെ സൂചനകൾ നല്കുകയും ചെയ്യുന്നു. ഈ ആമുഖത്തിലെ പ്രധാന ആശയങ്ങളാണ് ദൈവത്തിന്റെ വിളി, കൃപ, വിശ്വസ്തത എന്നിവ.

**1,1: ദൈവേഷ്ട പ്രകാരം ...:** പൗലോസിന്റെ ദൗത്യവും സഭയുടെ നിലനില്പും ഉറപ്പിക്കുന്നതിന് ദൈവമാണ് മുൻകൈയെടുത്തിരിക്കുന്നത്. പൗലോസ് സുവിശേഷവത്കരണദൗത്യം സ്വയം ഏറ്റെടുത്തതല്ല (അപ്പ 9,1-16; ഗലാ 1,12), ദൈവഹിതത്താലാണ് (2 കോറി 1,1; എഫേ 1,1; കൊളോ 1,1; 2 തിമോ 1,1). തന്റെ അപ്പസ്തോലികാധികാരത്തെ ചിലർ സംശയിച്ചതിനാലും തള്ളിപ്പറഞ്ഞതിനാലും ലേഖനാരംഭത്തിൽതന്നെ പൗലോസ് അത് ഊന്നിപ്പറയുന്നു (9,1.2, 2 കോറി 10,12). **അപ്പസ്തോലനാകാൻ:** പൗലോസ് പന്ത്രണ്ടുപേരെയും അപ്പസ്തോലന്മാരെയും തമ്മിൽ വേർതിരിക്കുന്നുണ്ട്. അപ്പ 14,14-ൽ പൗലോസും ബർണബാസും അപ്പസ്തോലന്മാരെന്നു വിളിക്കപ്പെടുന്നു. അന്ത്രോണിയൂസിനെയും ജൂനിയാസിനെയും 'അപ്പസ്തോലഗണത്തിലെ പ്രമുഖർ' എന്ന് പൗലോസ് വിളിക്കുന്നുണ്ട് (റോമാ 16,7).

**1,2: ദൈവത്തിന്റെ സഭയ്ക്ക്:** കോറിന്തോസിലെ സഭയെ ഇവിടെ ഉദ്ദേശിക്കുന്നു. അവിടത്തെ സിനഗോഗിലെ പൗലോസിന്റെ സുവിശേഷപ്രഘോഷണംവഴി യൂദന്മാരും ഗ്രീക്കുകാരും അദ്ദേഹത്തിന്റെ സന്ദേശം സ്വീകരിച്ചു (അപ്പ 18,4). സപ്തതിയിൽ 'കഹാൽ' (യഹൂദസമൂഹം) എന്ന ഹീബ്രുപദത്തിന് 'എക്ളേസിയ' എന്ന ഗ്രീക്കുപദം ഉപയോഗിക്കുമ്പോൾ, യഹൂദർ 'സിനഗോഗ്' എന്ന സമാന്തരപദമാണ്

ഉപയോഗിക്കുന്നത്. യവനരുടെയിടയിൽ ലൗകിക കാര്യങ്ങൾക്കായുള്ള സമ്മേളനമാണ് 'എക്ലേസിയ'. പുതിയനിയമത്തിൽ പ്രാദേശിക സഭകളെയും സാർവത്രിക സഭയെയും ഈ പദം സൂചിപ്പിക്കുന്നു. 'ദൈവത്തിന്റെ സഭ' എന്നത് കോറിന്തോസിലെ ചേരിതിരിവുകളുടെനേരെ വിരൽചൂണ്ടുന്നു. **വിശുദ്ധീകരിക്കപ്പെട്ടവർ:** പവിത്ര ലക്ഷ്യത്തിനും ഉപയോഗത്തിനുമായി വേർതിരിക്കപ്പെട്ടവർ. 'വിശുദ്ധീകരിക്കപ്പെട്ട' എന്ന കർമണിപ്രയോഗം ദൈവത്തിന്റെ പ്രവൃത്തിയെ സൂചിപ്പിക്കുന്നു. ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ ബലിയുടെ യോഗ്യതവഴിയായി വിശുദ്ധീകരിക്കപ്പെട്ടവരാണ് (ഹെബ്രാ 10,10). ജ്ഞാനസ്നാനം വഴിയാണ് ഈ വിശുദ്ധീകരണം ആദ്യമായി സംഭവിക്കുന്നത് (6,11; എഫേ 5,26). **വിശുദ്ധരാകാൻ:** തിരഞ്ഞെടുക്കപ്പെട്ട ജനത്തിനും (പുറ 18,6) ശിഷ്ടഭാഗത്തിനും (ഏശ 4,3; 62,12; ദാനി 7,18) ഈ പദം ഉപയോഗിക്കുന്നുണ്ട്. വിശുദ്ധി ദൈവത്തിന്റെ സ്വഭാവമാണ് (ലേവ്യ 19,2). ദൈവത്തിനായി വേർതിരിച്ച സ്ഥലവും (കൂടാരം, ദേവാലയം) വസ്തുക്കളും (പാത്രങ്ങൾ, പീഠങ്ങൾ) ദിവസങ്ങളും (സാബത്ത്) വ്യക്തികളും (അഹറോൻ, പുരോഹിതർ) ജനവും ദൈവത്തിന്റെ പരിശുദ്ധിയിൽ പങ്കുചേരുന്നു. ജ്ഞാനസ്നാനംവഴി ദൈവിക ജീവനിൽ പങ്കുചേരുന്നവർ വിശുദ്ധിയിൽ വളരാൻ യത്നിക്കുന്നു. **നാമം വിളിച്ചപേക്ഷിക്കുക:** ക്രിസ്തുവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നത് കൗദാശിക ആരാധനയോട് വളരെ ബന്ധപ്പെട്ടിരിക്കുന്നു (6,11; മത്താ 28,19; അപ്പ 2,38). ജ്ഞാനസ്നാനം സ്വീകരിച്ചവരും അതിനായി ഒരുങ്ങുന്നവരും വിശ്വാസത്തിന്റെ ആദ്യഘട്ടത്തിൽ യേശുവിനെ ഏറ്റുപറയുന്നവരും ഉൾപ്പെട്ട സഭയാണിവിടെ അഭിസംബോധനചെയ്യപ്പെടുന്നത്. **എല്ലായിടത്തും:** മലാ 1,11-ൽ പ്രവചിച്ചിരിക്കുന്ന ദൈവനാമത്തിന്റെ സാർവത്രികാരാധന. ആദിമ ക്രിസ്ത്യാനികൾ ഈ പ്രവചനം പരിശുദ്ധകുർബാനയിൽ നിറവേറിയതായി കണക്കാക്കി.

**1,3: കൃപയും സമാധാനവും:** സഭയെ പൗലോസ് അഭിസംബോധനചെയ്യുന്ന പതിവു രീതി (2 കോറി 1,2 ഗലാ 1,3). ഇവിടെ ഗ്രീക്ക്-യഹൂദ അഭിവാദനരീതികൾ കൂട്ടിച്ചേർത്തിരിക്കുന്നു. 'ഖാരിസ് (കൃപ) എന്നത് മനുഷ്യർക്ക് ലഭിക്കുന്ന ദൈവത്തിന്റെ ദയാവായ്പ് സൂചിപ്പിക്കുന്നു. 'ഖൈറെയിൻ' എന്ന ഗ്രീക്കു ക്രിയയ്ക്ക് 'സന്തോഷിക്കുവിൻ' എന്നാണ് അർഥമെങ്കിലും കത്തുകളിൽ 'അഭിവാദനങ്ങൾ' എന്നാണർഥം. യേശുക്രിസ്തുവിൽ (റോമാ 3,24) നടന്ന രക്ഷാകരസംഭവമാണ് ദൈവകൃപയുടെ മഹോന്നതമായ ആവിഷ്കാരം.

**1,5: എല്ലാ വചനത്തിലും എല്ലാ ജ്ഞാനത്തിലും:** പ്രശ്നങ്ങളെ പരിഹരിക്കാൻ ശ്രമിക്കുന്നതിനുമുമ്പ് പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ (12,8) കോറിന്തോസുകാർക്കു നേർന്നുകൊണ്ട് ദൈവം സമൃദ്ധമായി നല്കിയതിനെ ഓർമപ്പെടുത്തുന്നു. വരങ്ങളിൽ അപ്പസ്തോലൻ 'വചനവും' (ലോഗോസ്) ജ്ഞാനവും (ഗ്നോസിസ്) എടുത്തുപറയുന്നു. ഇതിന്റെ അർഥത്തെക്കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. 'ലോഗോസ്' സാധാരണ അറിവും 'ജ്ഞാനം' ഉന്നതമായ അറിവുമായി ചിലർ കാണുമ്പോൾ, ഭാഷാവരമായും പ്രവചനപരമായും മറ്റുചിലർ കരുതുന്നു. 'വചനം' പ്രഘോഷിക്കപ്പെട്ട സുവിശേഷമായും 'ജ്ഞാനം' അതിന്റെ ഹൃദയപൂർവകമായ സ്വീകരണമായും വ്യാഖ്യാനിക്കപ്പെടുന്നുണ്ട്. സുവിശേഷത്തിന്റെ അന്തരാത്മാവിലെ ബോധ്യമായും സ്വീകരണമായും ജ്ഞാനത്തെയും അതിന്റെ പ്രഘോഷണമായി 'വചന'ത്തെയും കാണുന്നവരുണ്ട്. കോറിന്തോസുകാർ അത്യധികം അഭിമാനിച്ചിരുന്ന വരമാണ് 'ജ്ഞാനം'. സുവിശേഷജ്ഞാനവും വെളിപാടിൽനിന്നു ലഭിക്കുന്ന ജ്ഞാനവും ഇത് അർഥമാക്കുന്നു.

**1,6: ക്രിസ്തുവിന്റെ സാക്ഷ്യം:** ക്രിസ്തുവിനെപ്പറ്റി അപ്പസ്തോലൻ നല്കിയ സാക്ഷ്യം. കോറിന്തോസുകാരോടു സുവിശേഷം പ്രസംഗിച്ചും അവർക്ക് കത്തുകൾ എഴുതിയും (5,9) അനുകരണീയമായ മാതൃക നല്കിയും (11,1) പൗലോസ് ക്രിസ്തുവിനു സാക്ഷ്യംവഹിച്ചു.

**1,7: വെളിപാട്:** ആത്മാവിന്റെ വെളിപ്പെടുത്തലുകൾ ദൈവത്തിൽനിന്നു വരുന്നു. അത് സഭയെ സ്നേഹത്തിൽ കെട്ടിപ്പെടുത്താൻ ഉദ്ദേശിച്ചുള്ളതാണ് (12,7–11; 14,3–5). **കൃപാവരങ്ങൾ:** പൗലോസിന്റെ ലേഖനങ്ങളിലും 1 പത്രോ 4,10–ലും മാത്രം കാണുന്ന പദമാണ് 'ഖാരിസ്'. ദൈവം ക്രിസ്തുവഴി നല്കുന്ന രക്ഷാദാനം (റോമാ 5,15; 6,23), ദൈവത്തിൽനിന്നു ലഭിക്കുന്ന പ്രത്യേക കൃപ അഥവാ കാരുണ്യം (റോമാ 7,7; 2 കോറി 1,11) അത്ഭുതകരമായ വരദാനങ്ങൾ (1 കോറി 12,9; റോമാ 12,6) തുടങ്ങിയവ ഇത് അർഥമാക്കുന്നു. **കാത്തിരിക്കുമ്പോൾ:** യേശുക്രിസ്തുവിന്റെ പ്രത്യക്ഷീകരണത്തിനായി കാത്തിരിക്കുമ്പോൾ (റോമാ 8,23). ക്രൈസ്തവ പ്രത്യാശയുടെ പൂർത്തീകരണമാണ് മിശിഹായുടെ മഹത്ത്വത്തിലുള്ള പ്രത്യാഗമനവും രക്ഷിക്കപ്പെട്ടവരുമായുള്ള സമാഗമവും. **അവസാനംവരെ:** 'ഹെയോസ് തെലൂസ്' എന്നത് 'അന്ത്യംവരെ'യെന്നും 'പൂർണമായി' എന്നും മനസ്സിലാക്കാം.

**1,8: നമ്മുടെ കർത്താവായ ... ദിനം:** എല്ലാ ചിന്തകളും വാക്കുകളും പ്രവൃത്തികളും പരിശോധിക്കപ്പെടുന്ന വിധിദിവസത്തെപ്പറ്റി പൗലോസ് ഓർമിപ്പിക്കുന്നു (റോമാ 2,5–10; 2 കോറി 5,10). പഴയനിയമത്തിൽ പലയിടത്തും കാണുന്ന 'കർത്താവിന്റെ ദിവസം' ദൈവം തന്റെ എതിരാളികൾക്കു ശിക്ഷനടപ്പാക്കുകയും വിശുദ്ധർക്കു പ്രതിഫലം നല്കുകയും ചെയ്യുന്ന ദിനമാണ് (ജോയേ 2,30–32; ആമോ 5,18; ഒബാ 15). ചരിത്രത്തിലെ ഒരു ദിവസത്തെയും ഇതു സൂചിപ്പിക്കാം (സഖ 14,1–5; മത്താ 24). പുതിയനിയമത്തിൽ ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ ക്രിസ്തു സകല മഹിമയോടുംകൂടി വരുന്ന അവസാന ദിവസത്തെയും സൂചിപ്പിക്കുന്നു (3,13; 5,5; അപ്പ 10,42). ശിക്ഷയുടെ എന്നതിനെക്കാൾ രക്ഷയുടെ ദിനമാണിത്.

**1,9: ദൈവം വിശ്വസ്തനാണ്:** ക്രിസ്തീയ പ്രത്യാശയുടെ ഉറവിടം ദൈവത്തിന്റെ വിശ്വസ്തതയാണ് (റോമാ 8,30; ഫിലി 1,6; 1 തെസ്സ 5,24). **കൂട്ടായ്മയിലേക്ക്:** യുഗാന്ത്യത്തിൽ ക്രിസ്തുവിനോടു ചേരുന്നതാണ് പൗലോസ് ഉദ്ദേശിക്കുന്നതെങ്കിലും ഈ കൂട്ടായ്മ ഇപ്പോൾ ആരംഭിക്കുന്നു.

**1,10: ഭിന്നത:** 'സ്കിസ്മ' എന്ന പദം 'സ്കിറ്റ്സോ' (കീറുക, വേർതിരിക്കുക) എന്നതിൽനിന്നു വരുന്നു. ചേരിതിരിവ്, ഭിന്നത എന്നെല്ലാണ് ഇതിന്റെ അർഥം. **ഐക്യപ്പെടണം:** 'കതാർട്ടിസ്മെനോയ്' എന്നതിന് ഒരു കാര്യം അതിന്റെ ആദ്യ സാഹചര്യത്തിലാക്കുക എന്നാണർഥം. വിള്ളൽ ഇല്ലാത്തവരായിരിക്കണമെന്നു വ്യംഗ്യം. ശിഷ്യന്മാർ വല നന്നാക്കുന്നതിനെ സൂചിപ്പിക്കുന്ന പദവും ഇതാണ് (മത്താ 4,21). തെസ്സലോനിയക്കാരുടെ വിശ്വാസത്തിലെ കുറവു പരിഹരിക്കാൻ ആവശ്യമായതു ചെയ്യുന്നതു സൂചിപ്പിക്കുന്നതിനും (1 തെസ്സ 3,10) ഈ പദം ഉപയോഗിക്കുന്നു.

**1,11: ക്ലോയേയുടെ ആളുകൾവഴി:** ഈ സ്ത്രീയെപ്പറ്റിയോ ആളുകളെപ്പറ്റിയോ ഇവിടെ മാത്രമാണ് പറയുന്നത്. കോറിന്തോസിലോ എഫേസോസിലോ ജീവിച്ചിരുന്ന ഈ ധനിക സ്ത്രീയുടെ കോറിന്തോസിലെ കച്ചവടമേഖലയിൽ ഏർപ്പെട്ടിരുന്ന പങ്കാളികളോ സുഹൃത്തുക്കളോ പരിചയക്കാരോ ആകാം 'ക്ലോയേയുടെ ആളുകൾ'. **കലഹങ്ങൾ:** 'എരിദെസ്' തിന്മയുടെ പട്ടികയിൽ പൗലോസിന്റെ ലേഖനങ്ങളിലുണ്ട് (റോമാ 1,29–31; ഗലാ 5,20; 1 തിമോ 6,4).

**1,12: അപ്പോളോ:** വടക്കേ ഈജിപ്തിലെ അലക്സാണ്ട്രിയായിൽ നിന്നുള്ള ഈ ക്രൈസ്തവ നേതാവ് കോറിന്തോസിലെ പൗലോസിന്റെ ആദ്യകാല സുവിശേഷപ്രവർത്തനത്തിനുശേഷം കോറിന്തോസിൽ പ്രബോധകനായിരുന്നു (3,5.22; അപ്പ 18,24–19,1). ഇവിടെ പറയുന്ന അപ്പോളോയും തീത്തോ 3,13–ലെ അപ്പോളോയും ഒരാളാണോ എന്ന് വ്യക്തമല്ല. അപ്പസ്തോലപ്രവർത്തനങ്ങളിലെ അപ്പോളോ അലക്സാണ്ട്രിയാക്കാരനും വാഗ്മിയും വിശുദ്ധലിഖിതങ്ങളിൽ അവഗാഹം ഉള്ളയാളുമാണ് (അപ്പ 18,24). **കേപ്പാ:** പത്രോസിന്റെ അരമായ ഭാഷയിലെ പേരാണ് ഈ കത്തിൽ

കാണുന്നത് (3,22; 9,5; 15,5). അപ്പസ്തോലനായ പത്രോസിന്റെ കോറിന്തോസുകാരുമായുള്ള ബന്ധത്തെപ്പറ്റിയുള്ള പുതിയനിയമത്തിലെ ഏകസൂചന ഇതാണ്. **ഞാൻ ക്രിസ്തുവിന്റേതാണ്:** ഒരു സംഘത്തിന്റെ ഈ മുദ്രാവാക്യം തങ്ങൾക്ക് മറ്റുള്ളവരെക്കാൾ ക്രിസ്തുവിനോടാണ് വിധേയത്വമെന്നും കാണിക്കുന്നു.

**1,13: പൗലോസിന്റെ നാമത്തിലാണോ:** 'പൗലോസിന്റേതായിത്തീരുന്നതിന്' എന്നാണ് ഇതിനർത്ഥം. ജ്ഞാനസ്നാനം സ്വീകരിക്കുന്നവർ ക്രിസ്തുവിന്റെ ഉടമസ്ഥാവകാശമായാണ് മാറുന്നത് (റോമാ 6,13).

**1,14: ക്രിസ്പോസ്:** പൗലോസ് ആദ്യമായി കോറിന്തോസിൽ വന്നപ്പോൾ ക്രിസ്തുമാർഗത്തിലേക്ക് മാനസാന്തരപ്പെട്ട കോറിന്തോസിലെ സിനഗോഗ് അധികാരി (അപ്പ 18,8). ***ഗായൂസ്:*** ഒരു പക്ഷേ അപ്പ 19,29-ലും റോമാ 16,23-ലും പറയപ്പെടുന്ന വ്യക്തിയായിരിക്കാം. 'ഗായൂസ്' യവനരുടെയിടയിൽ സർവസാധാരണമായ പേരായിരുന്നു.

**1,17.18**: 1-4 അധ്യായങ്ങളിലെ പ്രതിപാദ്യ വിഷയം ഇവിടെ അവതരിപ്പിച്ചിരിക്കുന്നു. വാഗ്വിലാസത്തോടെയുള്ള പ്രബോധനത്തിലല്ല, ക്രിസ്തുവിന്റെ കുരിശിലൂടെ പ്രകടമാകുന്ന ദൈവത്തിന്റെ ശക്തിയിലാണ് സഭ അടിസ്ഥാനമിട്ടിരിക്കുന്നത്.

**1,17: സ്നാനം നല്കാനല്ല:** ജ്ഞാനസ്നാനത്തിന്റെ പ്രാധാന്യം കുറച്ചുകാണിക്കുകയല്ല (9,16; റോമാ 1,14.15), ജ്ഞാനസ്നാനത്തിലേക്കു നയിച്ചവരുടെ പ്രാധാന്യത്തെ പർവതീകരിച്ച ചില കോറിന്തോസുകാരെ ഉന്നംവയ്ക്കുകയാണ് പൗലോസ് ഇവിടെ (1 കോറി 1,13-15). ക്രിസ്തുവുമായി ഐക്യപ്പെടുത്തുക എന്ന ലക്ഷ്യം (12,13: ഗലാ 3,27) അവർ മറന്നുപോയിരുന്നു. പ്രഘോഷണംവഴി സ്വീകരിക്കുന്ന വിശ്വാസം മുദ്രവയ്ക്കുന്നതാണ് ജ്ഞാനസ്നാനം. **വാഗ്‌വിലാസത്തോടെ ആയിരുന്നില്ല:** 'സോഫിയ ലോഗൂ' എന്ന പ്രയോഗത്തിന് പല അർത്ഥതലങ്ങൾ ഉണ്ട്. ജ്ഞാനം ('സോഫിയ') എന്നത് ബൈബിൾപരമായ പ്രയോഗങ്ങളിൽ, ശരിയായ മാർഗങ്ങളുടെ തെരഞ്ഞെടുപ്പും അവയുടെ കാര്യക്ഷമമായ പ്രയോഗവും വഴി ലക്ഷ്യപ്രാപ്തിയിലെത്തുന്നതുപോലെയുള്ള പ്രായോഗിക പരിജ്ഞാനമെന്നാണ് അർത്ഥമാക്കേണ്ടത്. പണിതുയർത്താനുള്ള കഴിവെന്നോ (cf. 3,10), ശക്തമായി സ്വാധീനിക്കുന്ന പ്രസംഗമെന്നോ (cf. 2,4), നിത്യരക്ഷാപ്രാപ്തിയെന്നോ ഒക്കെ അർത്ഥമുണ്ടാകാം. 'വാഗ്വിലാസം' ('ലോഗോസ്') എന്നത് ഈ പദത്തിന്റെ ഒരർത്ഥം മാത്രം. ഈപദം ഒരു ആന്തരിക വിശകലനത്തെയും പദ്ധതിയെയും കുറിക്കുന്നതുപോലെതന്നെ, പ്രകടമാക്കുന്ന വാക്കുകളെയും പ്രസംഗത്തെയും നല്കുന്ന സന്ദേശത്തെയും സംബന്ധിക്കുന്നതുമാകാം. അതിനാൽ 'വാഗ്വിലാസം' എന്നതുകൊണ്ട് മാനുഷികമായ വാദപ്രതിവാദങ്ങളെയും വാക്സാമർത്ഥ്യ പ്രയോഗങ്ങളെയും ഒഴിവാക്കുന്നതിനുള്ള ശ്രമമായിരിക്കാം അപ്പസ്തോലൻ നടത്തുന്നത്. കേൾവിക്കാരെ സ്വാധീനിക്കാനുള്ള സുവിശേഷത്തിന്റെ ശക്തി പ്രഘോഷകന്റെ മികവിൽനിന്നല്ല, പിന്നെയോ സന്ദേശത്തിൽനിന്നുതന്നെയാണ് വരുന്നത് (1,18; റോമാ 1,16).

**1,18: കുരിശിന്റെ വചനം:** കുരിശുവഴി രക്ഷിക്കുന്ന ക്രിസ്തുവിന്റെ പ്രഘോഷണം. ഇവിടെ 'ഭോഷത്ത' ത്തിനു വിപരീതമായി 'ജ്ഞാന'മല്ല, 'ശക്തി'യാണ് പൗലോസ് ഉപയോഗിക്കുന്നത്. കുരിശിന്റെ സന്ദേശം രക്ഷയിലേക്കു നയിക്കുന്ന ദൈവത്തിന്റെ ശക്തിയാണ്.

**1,19: ഞാൻ നശിപ്പിക്കും:** ദൈവത്തിന്റെ ജ്ഞാനത്തിനെതിരേ അഹങ്കരിക്കുന്ന എല്ലാ മാനുഷികവിജ്ഞാനവും നശിക്കുമെന്ന് ഏശയ്യാ പ്രവചിച്ചിട്ടുണ്ട് (ഏശ 29,14). **ലോകം:** മാനവസമൂഹമെന്ന നിഷ്പക്ഷാർത്ഥമാണിവിടെ.

**1,20: എവിടെ?:** ഗ്രീക്കു തത്ത്വജ്ഞാനികളും യഹൂദ നിയമജ്ഞരും അന്വേഷണകുതുകികളും സുവിശേഷത്തിന്റെ ശക്തിക്കുമുന്നിൽ ഒന്നുമല്ലെന്ന് പൗലോസിന് ബോധ്യമുണ്ടായിരുന്നു.

## പദപഠനം
## ജ്ഞാനം (1 കോറി 1,20)

'സോഫിയ' എന്ന ഗ്രീക്കുവാക്കിന്റെ അർഥം ജ്ഞാനം, ഉൾക്കാഴ്ച, വൈദഗ്ധ്യം എന്നൊക്കെയാണ്. കോറിന്തോസുകാർക്കുള്ള ലേഖനത്തിൽ 17 പ്രാവശ്യവും പുതിയനിയമത്തിലെ മറ്റു പുസ്തകങ്ങളിൽ 34 പ്രാവശ്യവും ഈ പദം ഉപയോഗിക്കപ്പെട്ടിട്ടുണ്ട്.

പഴയനിയമ പശ്ചാത്തലം ധ്വനിപ്പിക്കുന്നതാണ് പൗലോസിന്റെ ഈ പദപ്രയോഗം: 1. ദൈവികജ്ഞാനത്തിന്റെ മൂർത്തരൂപമായാണ് തോറാ വീക്ഷിക്കപ്പെടുന്നത് (നിയ 4,5.6; പ്രഭാ 24,23-25). 2. സോളമൻ രാജാവിനോടു ബന്ധമുള്ളതായി കരുതപ്പെടുന്ന ജ്ഞാനഗ്രന്ഥങ്ങൾ ജ്ഞാനത്തെ വിവേകപൂർണമായ ജീവിതകലയായി കണക്കാക്കുന്നു. ഇസ്രായേലിനെയും വിജാതീയരെയും നീതിപരിശീലിപ്പിക്കാൻ ഈ ജ്ഞാനം ദൈവം സോളമനു നല്കി (1 രാജാ 4,29-34). 3. പഴയനിയമം ജ്ഞാനത്തെ സൃഷ്ടിയുടെ ശില്പിയായും (സുഭാ 8; ജ്ഞാനം 7,22) മനുഷ്യചരിത്രത്തെ നയിക്കുന്നതായും (ജ്ഞാനം 9-11) ചിത്രീകരിച്ചിരിക്കുന്നു. ഈ അർഥത്തിൽ ജ്ഞാനം നിത്യതയിൽ ആരംഭിച്ചതും (പ്രഭാ 24,9) ദൈവവചനത്തോടും (ജ്ഞാനം 9,1; പ്രഭാ 24,3) പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തോടും അടുത്തു ബന്ധമുള്ളതുമാണ് (ജ്ഞാനം 9,17).

ഈ പഴയനിയമ പാരമ്പര്യങ്ങളിൽ ഊന്നിനിന്നുകൊണ്ടാണ് പൗലോസ് ദൈവദത്തമായ ജ്ഞാനത്തെയും യവനർ ഉയർത്തിപ്പിടിക്കുന്ന മനുഷ്യന്റെ താത്ത്വിക വിജ്ഞാനത്തെയും തമ്മിൽ വേർതിരിക്കുന്നത്. പൗലോസ് അപ്പസ്തോലനെ സംബന്ധിച്ച് യേശുക്രിസ്തുവാണ് ദൈവത്തിന്റെ ജ്ഞാനം (1 കോറി 1,24). പരിശുദ്ധാത്മവർഷത്തിലൂടെ വിശ്വാസികൾക്കു നല്കപ്പെടുന്ന ഈ ജ്ഞാനം (1 കോറി 1,30; 2,7-13; എഫേ 1,17; കൊളോ 2,3) താത്ത്വികരുടെയും ചിന്തകരുടെയും സർഗപ്രതിഭയോട് തുലനംചെയ്തു ചുരുക്കാവുന്ന ഒന്നല്ല.

**1,21: പ്രഘോഷണത്തിന്റെ:** സഭയുടെ ചരിത്രത്തിൽ 'കെരിഗ്മ' എന്ന പദം ആദ്യമായി പ്രത്യക്ഷപ്പെടുന്നത് ഇവിടെയാണ്. യേശു കർത്താവാണ് (1 കോറി 12,3; റോമാ 10,9), ദൈവം യേശുക്രിസ്തുവഴി നമ്മെ തന്നോടു രമ്യതപ്പെടുത്തി (2 കോറി 5,18) എന്നതാണ് 'കെരിഗ്മ' യുടെ അന്തഃസത്ത. **ദൈവത്തെ അറിഞ്ഞില്ല.** ബുദ്ധികൊണ്ടുള്ള അറിവുമാത്രമല്ല ഇവിടെ ഉദ്ദേശിക്കുന്നത്. യഹൂദചിന്തയിൽ 'അറിവ്' ബുദ്ധിപരമായ അറിവുകൂടാതെ, അംഗീകരിക്കലും ഏറ്റുപറച്ചിലും ഉൾപ്പെടും (ഹോസി 4,2.6; 6,6). **ദൈവജ്ഞാനത്തിൽ:** ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ. ദൈവത്തിന്റെ വഴികൾ, പ്രത്യേകിച്ച് ക്രൂശിതനായ ക്രിസ്തുവഴി ലോകത്തെ രക്ഷിക്കാനുള്ള ദൈവികപദ്ധതിയാണ് (2,8; അപ്പ 17,30; റോമാ 10,3) വിവക്ഷിതം. ദൈവജ്ഞാനത്തെ യുക്തികൊണ്ടുമാത്രം ഗ്രഹിക്കാനാവില്ല; വിശ്വാസം അനിവാര്യമാണ് (ഏശ 55,9).

**1,22: അടയാളങ്ങൾ:** തന്റെ ദൗത്യത്തിന്റെ ആധികാരികത വ്യക്തമാക്കുന്ന വലിയ അടയാളങ്ങൾ ഇസ്രായേൽ ജനം മിശിഹായിൽനിന്ന് പ്രതീക്ഷിച്ചിരുന്നു (മത്താ 16,1; യോഹ 6,30). **വിജ്ഞാനം:** ബൗദ്ധികവ്യാപാരത്തിലൂടെ നേടിയെടുക്കാവുന്ന രക്ഷയാണ് ഇവിടെ സൂചിതം.

**1,23: യഹൂദർക്ക് ഇടർച്ചയും:** തൂക്കികൊല്ലപ്പെട്ടവൻ വിശുദ്ധലിഖിതത്തിന്റെ കാഴ്ചപ്പാടിൽ ശപിക്കപ്പെട്ടവനാണ് (ഗലാ 3,13). അടിമകൾക്കും രാജ്യദ്രോഹികൾക്കുമുള്ള ശിക്ഷയായാണ് കുരിശിനെ റോമാക്കാർ കണ്ടിരുന്നത്. കുരിശിലെ ദൈവം ബലഹീനതയാണ്. എന്നാൽ ഈ ചെറുതാകലിലാണ് യഥാർഥ ശക്തി. കോറിന്തോസിലെ സഭയ്ക്ക് ഐക്യത്തിലെത്താനുള്ള മാർഗം ഇതാണ്.

**1,30:** ഈ വാക്യത്തിലെ നാലു കാര്യങ്ങളും തന്റെ പുത്രനിലൂടെയുള്ള ദൈവപിതാവിന്റെ പ്രവൃത്തിയും സാന്നിധ്യവുമാണ് സൂചിപ്പിക്കുന്നത്. 'ദൈവത്തിന്റെ ജ്ഞാനം' യഹൂദ ചിന്തയിൽ വ്യക്തി തന്നെയാണ് (സുഭാ 8,22-31; കൊളോ 2,2-3). 'നീതി' ക്രിസ്തുവിലൂടെ യാഥാർഥ്യമായ നവീനമായ ദൈവ-മനുഷ്യബന്ധം അർഥമാക്കുന്നു. 'വിശുദ്ധീകരണം' ദൈവത്തിനായി മാറ്റി നിർത്തപ്പെട്ട അവസ്ഥ സൂചിപ്പിക്കുന്നു. 'വീണ്ടെടുപ്പ്' ശത്രുകരങ്ങളിൽനിന്ന് പിഴയടച്ചു തിരിച്ചു വാങ്ങുന്നതാണ്. തന്നത്തന്നെ പകരം നല്കിയാണ് യേശു വീണ്ടെടുക്കുന്നത്. ഇതുവഴി അവർ പുതിയ സൃഷ്ടികളായിമാറുന്നു. അന്ത്യദിനത്തിലെ ഉയിർപ്പിലാണ് വീണ്ടെടുപ്പിന്റെ പൂർണത.

**1,31: ആത്മപ്രശംസചെയ്യുന്നവൻ ...:** ജറെ 9,24-ന്റെ വേറൊരു പ്രയോഗം. ഇസ്രായേലിലെ ബുദ്ധിമാന്മാരെയും ശക്തരെയും സമ്പന്നരെയും ഈ ലോകനേട്ടങ്ങളിൽ അഹങ്കരിക്കുന്നത് അവസാനിപ്പിച്ച്, കർത്താവിന് മഹത്ത്വം നല്കാൻ ജറെമിയ വെല്ലുവിളിച്ചു (ജറെ 9,23). കോറിന്തോസുകാരോട് ആഹ്വാനം നടത്തുമ്പോൾ പൗലോസിന്റെ മനസ്സിൽ ഈ വാക്യം തന്നെയാണുണ്ടായിരുന്നത് എന്നു കരുതാം. ലോകത്തിന്റെ മുമ്പിൽ അവരിൽ ചിലർ ബുദ്ധിമാന്മാരും ശക്തരും ശ്രേഷ്ഠരുമായിരുന്നെങ്കിലും (1 കോറി 1,26) അതിന്റെ മഹത്ത്വം ദൈവത്തിനു നല്കാതെ അവർ തങ്ങൾക്കു കിട്ടിയ ആത്മീയദാനങ്ങളിൽ പൊങ്ങച്ചം ഭാവിക്കുകയായിരുന്നു (4,7). എന്റെ ബലഹീനതകളിൽ ഞാൻ അഭിമാനിക്കുന്നു എന്നു പറയുമ്പോൾ എന്റെ ബലം കർത്താവാണ് എന്നാണർഥം (2 കോറി 12,9). ദൈവത്തിനായി ദൈവത്തിൽ ജീവിക്കുകയാണിത്.

**2,1:** തന്റെ പ്രസംഗചാതുര്യക്കുറവ് ഒരു ബലഹീനതയാണെങ്കിലും ദൈവത്തിന്റെ ശക്തി തന്നിലൂടെ കൂടുതൽ പൂർണതയിൽ പ്രവർത്തിക്കാൻ അത് കാരണമായി എന്നാണ് പൗലോസിന്റെ പക്ഷം (2 കോറി 12,9). ഭോഷത്തമായതിലൂടെയും ബലഹീനമായതിലൂടെയും ദൈവം ലോകത്തെ രക്ഷിക്കുന്നത് അവിടന്നുമാത്രം സ്തുതിക്കപ്പെടാൻവേണ്ടിയാണ് (1 കോറി 1,21-29). **ദൈവത്തിന്റെ രഹസ്യം:** ദൈവത്തിനുമാത്രം ഗ്രാഹ്യമായ മനുഷ്യരക്ഷക്കായുള്ള ദൈവത്തിന്റെ പദ്ധതി. ഇത് യേശുവിനെയും കുരിശിനെയും സംബന്ധിച്ചുള്ള സാക്ഷ്യംതന്നെയാണ് (1,18-25). ചില കൈയെഴുത്തുപ്രതികളിൽ 'മർത്യൂരിയോൻ' (രക്തസാക്ഷിത്വം) എന്നു കാണുന്നുവെങ്കിലും 'രഹസ്യം' എന്നതായിരിക്കാം മൂലപദം. 'ദൈവത്തിന്റെ രഹസ്യം' യവനരുടെയിടയിൽ പ്രചാരത്തിലിരുന്ന പദമാണ്. രഹസ്യാരാധനകൾ എന്ന പേരിൽ മതവിഭാഗങ്ങൾ അവരുടെയിടയിൽ ഉണ്ടായിരുന്നു. അവരുടെയിടയിൽ രഹസ്യപ്രബോധനം വെളിപ്പെടുത്താൻ പാടുണ്ടായിരുന്നില്ല. പുതിയനിയമത്തിൽ 'രഹസ്യം' ഒരിക്കൽ നിഗൂഢമായിരുന്നതും ഇപ്പോൾ സുവിശേഷത്തിലൂടെ വെളിപ്പെടുത്തപ്പെട്ടതുമായ ദൈവത്തിന്റെ രക്ഷാകര രഹസ്യം ദ്യോതിപ്പിക്കുന്നു (റോമാ 16,25; 1 കോറി 2,7; കൊളോ 1,25.27; എഫേ 3,3.9). **ഞാൻ നിങ്ങളുടെ അടുത്തേക്ക് വന്നത്:** പൗലോസ് ആദ്യം കോറിന്തോസിൽ സുവിശേഷവേലയ്ക്കു വന്നത് (അപ്പ 18,1-17).

**2,2: ക്രൂശിതനെ:** കർത്താവിന്റെ കുരിശ് ആയിരുന്നു പൗലോസിന്റെ പ്രസംഗങ്ങളുടെയെല്ലാം കേന്ദ്ര ആശയം (2 കോറി 5,14-21; ഫിലി 2,5-11; ഗലാ 2,20).

**2,3 ഭയത്തോടും വലിയ വിറയലോടും:** സർവശക്തനായ ദൈവത്തിന്റെ ശക്തിക്കും സാന്നിധ്യത്തിനും മുന്നിലെ മനുഷ്യന്റെ മനോഭാവം (പുറ 20,18; നിയ 2,25; സങ്കീ 2,11; ഏശ 19,16; എസെ 12,18; ഫിലി 2,12).

**2,6–3,4:** ഒരു വിപരീതോപദേശമെന്നോണം പൗലോസ് മുമ്പു തള്ളിപ്പറഞ്ഞവ വ്യത്യസ്തമായി പ്രസ്താവിക്കുന്നു. 'ജ്ഞാനത്തിനായി ദാഹിക്കുന്ന' (1, 2) ഗ്രീക്കുകാർക്ക് ഉത്കൃഷ്ടസ്വഭാവമുള്ള, തീർത്തും വ്യത്യസ്ത സവിശേഷതകളോടുകൂടിയ ജ്ഞാനമാണ് അപ്പസ്തോലൻ വെളിപ്പെടുത്തുന്നത്. കോറിന്തോസുകാർ ആത്മാവിനോടു കൂടുതൽ ആഭിമുഖ്യം പുലർത്തുന്നവരും പുതിയ ഉൾക്കാഴ്ചയും ആത്മാവ് അഭ്യസിപ്പിക്കുന്ന ഭാഷയും സ്വീകരിക്കുന്നതിൽ സന്നദ്ധരും ആയിരുന്നെങ്കിൽ, അപ്പസ്തോലന്റെ പ്രബോധനങ്ങൾ ജ്ഞാനസമ്പന്നമാണെന്ന് മനസ്സിലാക്കുകയും അപ്പസ്തോലനുമായി ദൈവജ്ഞാനതലത്തിൽ സംവാദിക്കുന്നതിനു കഴിവുള്ളവരായിത്തീരുകയും ചെയ്യുമായിരുന്നു.

**2,6: പക്വമതി:** പൂർണമായ ആത്മീയവളർച്ച പ്രാപിച്ച ക്രിസ്ത്യാനികളെയും ശൈശവസ്ഥിതിയിലുള്ളവരെയും പൗലോസ് തരംതിരിക്കുന്നു (3,1). പൗലോസ് പലപ്രാവശ്യം ഉപയോഗിക്കുന്നതാണ് 'തെലെയ്യോയ്' (പക്വമതികൾ, പൂർണത പ്രാപിച്ചവർ), 'നെപിയോയ്' (ശിശുക്കൾ) എന്നീ പദങ്ങൾ (1 കോറി 13,10.11; 14,20; എഫേ 4,13.14; ഫിലി 3,15; കൊളോ 1,28; 4,12). ദൈവഹിതത്തോടുള്ള അനുരൂപപ്പെടലാണ് പൂർണത. **നാശോന്മുഖരായ ഭരണാധികാരികളുടെ:** ശക്തി ഹീനരായിക്കൊണ്ടിരിക്കുന്ന അധികാരികൾ എന്നർഥം. 'ആർക്കോന്തെസ്' എന്ന ഗ്രീക്കുപദത്തിന് ലൗകികാധികാരികൾ (മത്താ 20,25; അപ്പ 4,26), അശുദ്ധാത്മാക്കൾ (മത്താ 9,24; മർക്കോ 3,22; ലൂക്കാ 11,15; യോഹ 12,31) എന്നീ അർഥങ്ങളുണ്ട്.

**2,7: രഹസ്യത്തിൽ ഒളിഞ്ഞിരിക്കുന്ന:** മനുഷ്യകുലത്തെ ക്രൂശിതനായ മിശിഹായിലൂടെ രക്ഷിക്കുക എന്ന ദൈവികപദ്ധതി ഒരിക്കൽ വിജാതീയരിൽനിന്നു മറച്ചുവച്ചിരിക്കുകയായിരുന്നു. പഴയനിയമത്തിലാകട്ടെ, അത് അവ്യക്തമായിമാത്രം പ്രതിഫലിച്ചിരുന്നു (റോമാ 11,25–36; 16,25–27; എഫേ 1,3–10; 3,11; കൊളോ 1,25–28). സുവിശേഷങ്ങളിൽ ദൈവരാജ്യത്തിന്റെ രഹസ്യങ്ങളെ സൂചിപ്പിക്കുന്നതാണ് 'മിസ്തേരിയോൺ' എന്ന ഗ്രീക്കുപദം (മത്താ 13,11; മർക്കോ 4,11; ലൂക്കാ 8,10). ക്രിസ്തുവിൽ നിറവേറുന്ന രക്ഷാപദ്ധതിയാണ് ജ്ഞാനത്തിന്റെ രഹസ്യം. **നമ്മുടെ മഹത്ത്വത്തിനായി:** ദൈവത്തിന്റെ പ്രഭാപൂരിത ബാഹ്യസാന്നിധ്യമാണ് 'മഹത്ത്വം. തിരഞ്ഞെടുക്കപ്പെട്ട ജനം ദൈവത്തോട് അടുക്കുമ്പോൾ ഈ മഹത്ത്വത്തിൽ പങ്കുചേരുന്നു.

**2,8: ഈ യുഗത്തിന്റെ ഭരണാധികാരികൾ:** യേശുവിനെ കുരിശിൽത്തറച്ച യഹൂദരരെയും റോമായുടെ രാഷ്ട്രീയനേതാക്കളെയും മാത്രമല്ല (അപ്പ 4,25–28) അവരുടെ പിന്നിലുള്ള പ്രപഞ്ചശക്തികളെയുമാണ് (എഫേ 1,20–23; 3,10) പരാമർശിക്കുന്നത്. **മഹത്ത്വത്തിന്റെ കർത്താവിനെ:** 'മഹത്ത്വം' ദൈവത്തെത്തന്നെ സൂചിപ്പിക്കുന്നു. (പുറ 24,16). യേശുവിന്റെ ദൈവത്വം പ്രഖ്യാപിക്കുന്ന പ്രസ്താവനയാണിത്. **അറിഞ്ഞിരുന്നെങ്കിൽ:** ബുദ്ധിപരമായ ജ്ഞാനത്തോടൊപ്പം മനസ്സുകൊണ്ടും ഹൃദയം കൊണ്ടുമുള്ള ഗ്രഹണവും അംഗീകാരവും ഇത് അർഥമാക്കുന്നു.

**2,9: കണ്ണു കണ്ടിട്ടില്ലാത്തത്:** തന്നിൽ പ്രത്യാശവയ്ക്കുന്നവരെ എപ്പോഴും രക്ഷിക്കുന്ന കർത്താവിനെപ്പോലെ ഒരു ദൈവത്തെ ആരും കാണുകയോ കേൾക്കുകയോ ചെയ്തിട്ടില്ലെന്ന് ഏശയ്യാ അദ്ഭുതപ്പെട്ടു പറയുന്നു (ഏശ 64,4).

**2,10: വെളിപ്പെടുത്തിത്തന്നിരിക്കുന്നു:**ദൈവാരൂപിയുടെ വെളിപ്പെടുത്തലിൽ ഭാഗഭാക്കാകുന്നതായി വിശുദ്ധഗ്രന്ഥത്തിൽ അപൂർവമായി സൂചിപ്പിക്കപ്പെടുന്നു. ആത്മാവ് ആരിൽ വസിക്കുന്നുവോ അവർക്ക് ദൈവികരഹസ്യങ്ങളിലേക്ക് ഉൾക്കാഴ്ച ലഭിക്കു

ന്നു. **ആത്മാവ് സകലതും ആരാഞ്ഞറിയുന്നു:** ദൈവത്തിന്റെ മനസ്സറിയാനും അവിടത്തെ പദ്ധതികളെ വെളിപ്പെടുത്താനും ആത്മാവിന് തനതായ മാർഗങ്ങളുണ്ട് (ദാനി 4,9). ദൈവം ക്രിസ്തുവിൽ നല്കിയ ആധ്യാത്മിക വരങ്ങളെയും സത്യങ്ങളെയുംപറ്റി ഒരു ആന്തരിക വഴികാട്ടിപോലെ ആത്മാവ് നമുക്ക് കൂടുതൽ അറിവുതരുന്നു (1 കോറി 2,12.13).

**2,11: മനുഷ്യന്റെ ആത്മാവല്ലാതെ:** ഇവിടെ 'പ്ന്യൂമ' (ആത്മാവ്) ആണ് ഉപയോഗിച്ചിരിക്കുന്നതെങ്കിലും, 'മനസ്സ്' ആണ് അർഥമാക്കുന്നത്. കേവലമനുഷ്യനെയും അവന്റെ ബൗദ്ധികവ്യാപാരവും ഇത് ഉദ്ദേശിക്കുന്നു.

**2,12: ലോകത്തിന്റെ ആത്മാവ്:** ലോകത്തെ നയിക്കുന്ന മനോഭാവം. ദൈവത്തിൽ നിന്നുള്ള ആത്മാവ്. പരിശുദ്ധാത്മാവിന്റെ സന്നിവേശഫലമായുള്ള ചൈതന്യവും ഉൾക്കാഴ്ചയും തിരിച്ചറിവും. **സൗജന്യമായി നല്കിയ കാര്യങ്ങൾ:** ക്രൂശിതനിലൂടെ നമുക്കു ലഭിക്കുന്ന യുഗാന്തദാനമായ രക്ഷ.

**2,13: ആത്മാവിന്റെ വരങ്ങളാൽ**: ആത്മാവിൽ നിറഞ്ഞവർക്ക് പുതിയ ആഭിമുഖ്യവും (12) അവരെ കുറിച്ചുതന്നെയുള്ള അവബോധവും ദൈവം അവർക്കായി ചെയ്ത നന്മകളെക്കുറിച്ചുള്ള അറിവ് പങ്കുവക്കാനുതകുന്ന ഭാഷയും ദൈവം നല്കുന്നു.

**2,14: ലൗകികമനുഷ്യൻ:** ഇവിടെ ഉപയോഗിച്ചിരിക്കുന്ന 'പ്സ്യൂഖിക്കോസ്' എന്ന ഗ്രീക്കുപദം ദൈവവെളിപാടിനോട് തുറവിയില്ലാത്ത സാധാരണ മനുഷ്യനെ സൂചിപ്പിക്കുന്നു. ജീവനു നിദാനമായ ഘടകമാണ് 'പ്സ്യൂഖേ'. തീർത്തും മാനുഷിക തലത്തിൽ വ്യാപരിക്കുന്ന ഇവർ ആത്മീയവിവേചനാശക്തി ഇല്ലാത്തവരും വീണ്ടെടുക്കപ്പെടാത്തവരുമാണ്.

**2,15: ആത്മീയ മനുഷ്യർ:** ജ്ഞാനത്തിലും പെരുമാറ്റത്തിലും (ഗലാ 5,16-26) ആത്മീയരും പക്വമതികളുമായവർ (2,6). ലൗകികമനുഷ്യനു വിപരീതമായാണ് 'ന്യൂമാറ്റിക്കോസ്' (ആത്മീയൻ) എന്ന പദം ഉപയോഗിച്ചിരിക്കുന്നത്. ദൈവാത്മാവിനോട് തുറവിയുള്ളവരും ദൈവാത്മാവിൽനിന്ന് പ്രകാശം ലഭിച്ചവരുമാണിവർ. **ആരാലും വിധിക്കപ്പെടുന്നില്ല:** ആത്മീയ മനുഷ്യൻ വിമർശനത്തിനും വിവേചിച്ചറിയലിനും അതീതനാണെന്നല്ല അപ്പസ്തോലൻ അർഥമാക്കുന്നത്. ദൈവാത്മാവാൽ നയിക്കപ്പെടുന്നവരെ ലൗകികതലത്തിൽ മനസ്സിലാക്കാൻ കഴിയുകയില്ല.

**2,16: ആരറിയുന്നു?:** ദൈവിക ജ്ഞാനം മനുഷ്യന്റെ ഗ്രഹണശക്തിക്ക് അതീതമാണെന്നും ദൈവം വെളിപ്പെടുത്തിയാൽ മാത്രമേ മനുഷ്യന് അത് അറിയാനാകൂ എന്നും പൗലോസ് അനുമാനിക്കുന്നു (ജ്ഞാനം 9,13-18; ഏശ 40,13). **ആരവനെ പഠിപ്പിക്കുന്നു?** 'സുംബിബാസോ' എന്ന ഗ്രീക്കുപദം 'ഒന്നിച്ചു നടത്തുക', 'കൂട്ടിയിണക്കുക' എന്നെല്ലാം സൂചിപ്പിക്കുന്നു. സപ്തതിയിൽ ഇതിന് 'പഠിപ്പിക്കുക' എന്നാണർഥം. **ക്രിസ്തുവിന്റെ മനസ്സ്:** ക്രിസ്ത്യാനിയുടെ മനസ്സിനെ ക്രിസ്തുവിന്റെ ആത്മാവ് പൂരിതമാക്കുന്നു. അവന്റെ ജീവിതത്തിന്റെ ദിശയും ലക്ഷ്യവും ക്രിസ്തുവാണ്.

**3,1: ലൗകികരോട്:** ആധികാരിക കൈയെഴുത്തുപ്രതികളിൽ 'സാർക്കിനോസ്' എന്ന ഗ്രീക്കുപദമാണ് ഉപയോഗിച്ചിരിക്കുന്നത്. മനുഷ്യപ്രകൃതി എന്നാണ് അർഥം. ചില കൈയെഴുത്തുപ്രതികളിൽ 'സാർക്കിക്കോസ്' എന്നു കാണുന്നു. തിന്മയുടെ ആധിപത്യത്തിനു കീഴിലുള്ള ജഡികൻ എന്ന് ഇത് അർഥമാക്കുന്നു.

**3,3: ജഡികരാണ്:** 'സാർക്കിക്കോസ്' എന്ന ഗ്രീക്കുപദമാണ് മൂലഗ്രന്ഥത്തിൽ. ലോകത്തിന്റെ ചിന്താഗതി പിന്തുടരുന്ന ഇവർ ജഡത്തിന്റെ സ്വഭാവം കാണിക്കുന്നു.

**3,5: ശുശ്രൂഷകർ:** 'ദിയക്കൊണോസ്' എന്നതിന് ശുശ്രൂഷകൻ, സഹായി എന്നെല്ലാ മാണ് അർഥം. ഔദ്യോഗിക ശുശ്രൂഷയായ 'ഡീക്കൻ' എന്ന അർഥം അന്നില്ല.

**3,6: ഞാൻ നട്ടു. അപ്പോളോസ് നനച്ചു:** പൗലോസാണ് കോറിന്തോസിൽ സഭ ആരം ഭിച്ചതെങ്കിൽ (അപ്പ 18,1-7), അപ്പോളോസ് സമൂഹത്തിന്റെ ആത്മീയവളർച്ചയ്ക്കായി അധ്വാനിച്ചു (അപ്പ 18,24-19,1). മനുഷ്യർ വിശ്വാസത്തിന് ഉപകരണങ്ങൾ മാത്രം; വിശ്വാസം ദൈവദാനമാണ്.

**3,9: കൂട്ടുവേലക്കാരാണ്:** ദൈവത്തോട് ഒത്തു ചേർന്നു പ്രവർത്തിക്കുന്നവർ. ദൈവ ത്തിന്റെ ജോലിയിൽ പങ്കുചേരുകയെന്നത് വലിയ കൃപയുടെ അനുഭവമാണ്. **ദൈവ ത്തിന്റെ ...:** കോറിന്തോസിലെ സഭ ദൈവത്തിന്റെ പ്രവർത്തനഫലമാണ്.

**3,10: വിദഗ്ധനായ ശില്പി:** പൗലോസ് അനേകം നഗരങ്ങളിൽ സുവിശേഷവത്കര ണത്തിലൂടെ സഭയ്ക്ക് അടിസ്ഥാനമിടുകയും ആ സമൂഹങ്ങളെ വിശ്വാസത്തിലും സ്നേഹത്തിലും കെട്ടിപ്പടുക്കാൻ പിന്നാലെവന്ന നേതാക്കൾക്ക് അവസരം കൊടു ക്കുകയും ചെയ്തു (റോമാ 15, 19.20). ക്രിസ്തുവിന്റെ സുവിശേഷം മാത്രമാണ് പടു ത്തുയർത്തുന്നതിനുള്ള ഏക ഉറച്ച അടിസ്ഥാനം (1 കോറി 3,11).

**3,10:** ക്രിസ്തുവിനെ അറിയാത്ത സ്ഥലങ്ങളിൽ സുവിശേഷം പ്രസംഗിക്കാൻ പൗലോസ് ഉത്സാഹം കാണിച്ചു (റോമാ 15,20; 2 കോറി 10,15.16). **ശില്പി:** പുതിയനി യമത്തിൽ ഇവിടെ മാത്രമാണ് ഈ പ്രയോഗമുള്ളത്. കോറിന്തോസിലെ സഭയ്ക്ക് അടിസ്ഥാനമിട്ടവൻ എന്ന നലയ്ക്കാണ് മുഖ്യ ശില്പിയായി പൗലോസ് സ്വയം വിശേഷിപ്പിക്കുന്നത്.

**3,11:** യേശുവാകുന്ന അടിസ്ഥാനത്തിന്മേലാണ് സഭ ഉറപ്പിക്കപ്പെട്ടിരിക്കുന്നത്. ക്രിസ്തു മൂലക്കല്ലാണെന്നും (എഫേ 2,20) പൗലോസ് പറയുന്നുണ്ട്.

**3,12:** ഇവിടെ പറയുന്ന നിർമാണവസ്തുക്കൾ പണിയുടെ ദാർഢ്യവും സ്ഥിരതയും വിലയും താരതമ്യം ചെയ്യുന്ന പ്രതീകങ്ങളായാണ് കാണേണ്ടത്. **ആരു പണിതാലും:** വിശ്വാസികളെ ദൈവഭവനമാക്കി പണിതുയർത്താൻ നിയുക്തരായ ശില്പികളാണ് ആത്മീയനേതാക്കൾ (3,16.17). അവരുടെ പണിയുടെ മേന്മ പണിക്കുപയോഗിക്കുന്ന വസ്തുക്കളുടെ മേന്മയിൽനിന്നറിയാം. പൗലോസ് വിവരിക്കുന്ന മൂല്യമേറിയ വസ്തു ക്കൾ വാഗ്ദാനപേടക നിർമിതിക്കും (പുറ 31,2-5) ദേവാലയ നിർമിതിക്കും (1 ദിന 29,2) വേണ്ടി ഉപയോഗിച്ചതായി പഴയനിയമത്തിൽ പറയുന്ന വസ്തുക്കൾ തന്നെയാ ണ്. പക്ഷേ, പുല്ലും വയ്ക്കോലുമൊന്നും അവിടെയില്ല.

**3,13: ആ ദിവസം:** പുതിയനിയമത്തിൽ 'കർത്താവിന്റെ ദിവസം' രക്ഷയുടെയോ ശിക്ഷയുടെയോ ദിനമാണ് (1 കോറി 5,5; 2 കോറി 1,14; 1 തെസ്സ 5,2.4; ഫിലി 1,6.10). **അഗ്നി:** വിധിയുടെ പ്രതീകം (ഏശ 31,3; 43,2; സെഫാ 1,18; മലാ 3,2.3; ജോയേ 3,3).

**3,14: പ്രതിഫലം:** അപ്പസ്തോലിക ജോലിക്കുള്ള ആത്മീയ പ്രതിഫലമാണ് സൂചന. ജറുസലേം ദേവാലയത്തിന്റെ നിർമാണത്തിനു മേൽനോട്ടം വഹിച്ച ടയിറിലെ ഹീരാ മിനു സോളമൻ രാജാവു നല്കിയ പ്രതിഫലം (1 രാജാ 5,5.6) പൗലോസിന്റെ മനസ്സിൽ തെളിയുന്നുണ്ടാവാം.

**3,15: അഗ്നിയിലൂടെന്നപോലെ:** അഗ്നിയെ പരിശോധനയുടെയും ശുദ്ധീകരണ ത്തിന്റെയും മാധ്യമമായിട്ടാണ് പഴയനിയമം പലപ്പോഴും ചിത്രീകരിക്കുന്നത് (പ്ര ഭാ2,5; ഏശ 4,4; 6,6.7; സഖ 13,9; മലാ 3,2.3). ശുദ്ധീകരണസ്ഥലത്തെപ്പറ്റി നേരിട്ടുള്ള ഒരു പരാമർശമല്ല ഇത്. എന്നാൽ, അതെപ്പറ്റിയുള്ള പ്രതിപാദനത്തിൽ പല ദൈവശാ

സ്ത്രപണ്ഡിതരും ഈ ലേഖനഭാഗം ആധാരമാക്കുന്നുണ്ട്. കർത്താവിൻെറ ദിനവുമായുള്ള ബന്ധമാണ് ഈ വ്യാഖ്യാനത്തിന് അടിസ്ഥാനം. **അവൻ രക്ഷപ്രാപിക്കും:** ദൈവത്തിന്റെ കഠിനമായ ശിക്ഷ (cf. 17) മനസ്സിൽ കാണാൻ സാധിക്കുന്നുണ്ടെങ്കിലും, അപ്പസ്തോലന് ശുഭാപ്തി വിശ്വാസമുണ്ട് (cf. 5,5: 11,32).

**3,16: ദൈവത്തിന്റെ ആലയം:** പഴയനിയമത്തിൽ ജറുസലേം ദേവാലയത്തെ ദൈവത്തിന്റെ ഭവനം (യൂദി 4,2) എന്നു വിളിക്കുന്നുണ്ട്. വിശ്വാസികൾ ഓരോരുത്തരെക്കുറിച്ച് ആത്മാവിന്റെ ആലയമെന്നു പൗലോസ് വിശേഷിപ്പിക്കുന്നു (2 കോറി 6,16; 1 കോറി 6,19). **നിങ്ങൾ ദൈവത്തിന്റെ ആലയമാണ്:** ഇവിടെ സഭാസമൂഹത്തെ ദൈവത്തിന്റെ ആലയമായി കാണുന്നു. പൗലോസിന്റെ അഭിപ്രായത്തിൽ പഴയനിയമത്തിലെ കല്ലുകൊണ്ടുള്ള ദൈവാലയത്തിനുപകരം നില്ക്കുന്നതാണ് പുതിയനിയമത്തിലെ ക്രിസ്തുവിന്റെ ജീവിക്കുന്ന ശരീരം. അദ്ദേഹം ഈ രഹസ്യത്തെ മൂന്നു തലത്തിൽ കാണുന്നു. ഓരോ ക്രിസ്ത്യാനിയുടെയും ശരീരം ഒരു ദേവാലയമാണ് (6:19); ഓരോ പ്രാദേശികസഭയും ഒരു ദേവാലയമാണ് (3:17); ആഗോളസഭയും ഒരു ദേവാലയമാണ് (എഫേ 2:19–22).

**3,19.20:** ജോബ് 5,13-ഉം സങ്കീ 94,11-ഉം ഉദ്ധരിച്ചുകൊണ്ട്, സ്വയം ബുദ്ധിമാന്മാരെന്നു കരുതുന്നവരോടു സൂക്ഷിക്കാൻ പൗലോസ് പറയുന്നു. ആദ്യത്തെ ഉദ്ധരണി ജോബിന്റെ സ്നേഹിതനായ ഏലിഫാസിന്റെതാണ്: ദൈവം താഴ്ന്നവരെ ഉയർത്തുകയും അഹങ്കാരികളെ നിരാശപ്പെടുത്തുകയും ചെയ്യുന്നു. അവരുടെ ഗർവിഷ്ഠപരമായ പദ്ധതികൾ അവിടന്ന് തകർക്കുന്നു. തങ്ങളുടെ ക്രൂരപ്രവൃത്തികൾ ദൈവം കാണുകയില്ലെന്ന് വിചാരിക്കുന്ന അഹങ്കാരികളെ ശുദ്ധീകരിക്കണമേ എന്ന പ്രാർഥനയാണ് രണ്ടാമത്തേത്.

**3,20: ആലോചനകൾ:** 'ദിയോലോഗിസ്മോസ്' എന്ന ഗ്രീക്കുപദം ദൈവത്തിന്റെ വഴികളെ ചോദ്യം ചെയ്യുന്നതോ എതിർക്കുന്നതോ ആയ മനുഷ്യരുടെ ആലോചനകളെയാണ് പലപ്പോഴും ദ്യോതിപ്പിക്കുന്നത്.

**3,21–23**: കോറിന്തോസുകാർ ശരിയായ ജ്ഞാനികളായിരുന്നെങ്കിൽ, അവരുടെ നിഗമനങ്ങൾ തള്ളിക്കളയുകയും അവർ ഈ ലോകത്തെയും സഭയിലെ എല്ലാവരെയും ശരിയായ പരസ്പരബന്ധത്തിൽ തന്നെ കാണുകയും ചെയ്യുമായിരുന്നു.

**4,1: ദാസന്മാർ:** ഗ്രീക്കുനാവികസേനയിലെ കപ്പലുകളിലെ അടിത്തട്ടിൽ ഇരുന്ന് തുഴഞ്ഞിരുന്നവരെയാണ് 'ഹാപെരേതെസ്' എന്നു വിളിച്ചിരുന്നത്. ഇവിടെ സേവകൻ എന്ന് അർഥമാക്കുന്നു. 'ദിയാക്കൊണോസ്' എന്നത് ചെയ്യുന്ന ശുശ്രൂഷയ്ക്ക് ഊന്നൽ കൊടുക്കുമ്പോൾ , 'ഹ്യുപെരേതെസ്' ഒരാളുടെ കീഴിൽ പ്രവർത്തിക്കുന്ന താഴ്ന്ന സ്ഥാനത്തിന് അടിവരയിടുന്നു. **ദൈവത്തിന്റെ രഹസ്യങ്ങൾ:** മറഞ്ഞിരുന്നതും കാലത്തിന്റെ തികവിൽ സുവിശേഷത്തിലൂടെ വെളിപ്പെട്ടതുമായ ദൈവത്തിന്റെ പദ്ധതികൾ (1 കോറി 2,7; 13,2; റോമാ 11,25; 2 തെസ്സ 2,7; കൊളോ 1,26.27). **കാര്യസ്ഥൻ:** ഭവനത്തിലെ കാര്യങ്ങൾ അന്വേഷിച്ചു നടത്തുന്നവരാണ് 'ഓയ്ക്കൊണോമോസ്'. മറ്റു ഭൃത്യന്മാരുടെമേൽ അധികാരമുണ്ടെങ്കിലും ഇവർ യജമാനനു കീഴിലാണ് (തീത്തോ 1,7; 1 പത്രോ 4,10). ദൈവഭവനമാകുന്ന സഭയുടെ ആത്മീയ നേതാക്കളെയാണ് ഇത് സൂചിപ്പിക്കുന്നത് (ലൂക്കാ 12,42–48; 1 തിമോ 3,15).

**4,4: നീതിമത്കരിക്കപ്പെടുന്നില്ല:** തന്റെ പ്രേഷിതശുശ്രൂഷയിൽ മനഃസാക്ഷി കുറ്റപ്പെടുത്തുന്നതായി ഒന്നുമില്ലെന്ന് അപ്പസ്തോലൻ ഇവിടെ പ്രസ്താവിക്കുന്നു. മനഃസാക്ഷി കുറ്റപ്പെടുത്തുന്നില്ല എന്നതുകൊണ്ടുമാത്രം ഒരാൾ കുറ്റവിമുക്തനാകുന്നില്ല. അദ്ദേഹത്തിന്റെ ദൈവിക ശുശ്രൂഷയുടെ ആത്യന്തികമായ അവലോകനത്തിന്

അന്ത്യവിധിവരെ കാത്തിരിക്കണം. അപ്പോൾ ഹൃദയത്തിലെ എല്ലാ രഹസ്യങ്ങളും വെളിപ്പെടും (4,5; റോമാ 2,16).

**4,5: വിധിക്കരുത്:** കോറിന്തോസുകാർ ചെയ്തുകൊണ്ടിരിക്കുന്ന വിമർശനപ്രവർത്തനങ്ങൾ നിറുത്തണമെന്നാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്ന ക്രിയാരൂപം അർഥമാക്കുന്നത്. **ഹൃദയങ്ങളുടെ ആലോചനകൾ:** രഹസ്യ അഭിലാഷങ്ങളും നിഗൂഢലക്ഷ്യങ്ങളും (പ്രഭാ 1,30). **പ്രശംസലഭിക്കും:** കർത്താവിന്റെ വിധിയിൽ പ്രശംസ ലഭിക്കുന്നവനാണ് ശരിയായ വിധത്തിൽ പ്രതിസമ്മാനിതൻ ആകുന്നത്.

**4,6:** അപ്പോളോയുടെ ഭാഷാസ്വാധീനത്താൽ ആകൃഷ്ടരായ കോറിന്തോസുകാർ പൗലോസിനെ നിസ്സാരനായി കരുതി അവഗണിച്ചതിനെതിരെയാണ് ഇവിടെ പറയുന്നത്. **എഴുതപ്പെട്ടിരിക്കുന്നതിനപ്പുറം ...**: കോറിന്തോസുകാർ, തെറ്റായ ജ്ഞാനമുപയോഗപ്പെടുത്തി നിരർഥകമായ അനുമാനങ്ങളിലേക്ക് എത്തിച്ചേരാതിരിക്കാൻ പൗലോസ് ആഹ്വാനംചെയ്യുന്നു. ഒരു പക്ഷേ, പൗലോസ് മുമ്പ് എഴുതിയ ചില നിർദേശങ്ങളെ സംബന്ധിച്ച പരാമർശമാകാം. **ഞങ്ങളിൽനിന്നു പഠിക്കാൻ:** സഭയിലെ ഇടയന്മാരെ ശ്രവിക്കാനും അവരുടെ മാതൃകയിൽ ജീവിക്കാനും ആഹ്വാനം ചെയ്യുന്നു (4,16; 11,1). **അഹങ്കരിക്കാതിരിക്കാൻ:** പൊങ്ങച്ചത്തെപ്പറ്റി എഴുത്തിൽ മുമ്പ് പറഞ്ഞിട്ടുണ്ട് (1,19.31; 3,19.20). കോറിന്തോസുകാരുടെ നാശകരമായ അഹന്തയെ തടയുകയാണ് പൗലോസിന്റെ ലക്ഷ്യം. തുടർന്നുള്ള വാക്യങ്ങളിൽ ഈ ശ്രമം വ്യക്തമായി കാണാം.

**4,9: കാഴ്ചവസ്തു:** പരസ്യമായി അപമാനിക്കപ്പെടുകയും ജനാവലിയുടെ മുമ്പിൽ വച്ച് വധിക്കപ്പെടുകയും ചെയ്യുന്ന കുറ്റവാളികളോട് അപ്പസ്തോലന്മാരെ പൗലോസ് താരതമ്യംചെയ്യുന്നു.

**4,10:** അപ്പസ്തോലന്മാരും കോറിന്തോസുകാരും തമ്മിൽ പ്രബോധനത്തിലും മനോഭാവത്തിലും സ്ഥാനത്തിലുമുള്ള വൈരുധ്യം എടുത്തുകാണിക്കുന്നു

**4,12: സ്വന്തം കൈകൊണ്ട് ...**: ഗ്രീക്കുകാർ കൈത്തൊഴിലിനെ അവജ്ഞയോടെയാണ് കണ്ടിരുന്നത്. പക്ഷേ, പൗലോസ് കായികാധ്വാനത്തിൽ അഭിമാനിക്കുന്നു ( 1 കോറി 9,4-18; 1 തെസ്സ 2,9; 4,11; 2 തെസ്സ 3,8-12).

**4,13: മാലിന്യം പോലെ:** 'പെരി കതാർമ' എന്നത് അടിച്ചുവാരുന്ന പൊടി അർഥമാക്കുന്നു. 'പെരിപ്സേമ' ചുരണ്ടിക്കളയുന്ന അഴുക്കിനെ സൂചിപ്പിക്കുന്നു. ലോകത്തിന്റെ 'ചപ്പും ചവറും' പോലെ എന്നർഥം.

**4,14: വത്സലമക്കളെപ്പോലെ:** മക്കൾക്ക് ജീവൻ നല്കുന്നതോടൊപ്പം അവർക്ക് അറിവും പകർന്നു നല്കുന്ന പിതാവിനോട് ഉപമിക്കുന്നതാണ് വാദമുഖങ്ങളുടെ അവസാനത്തിലുള്ളത്. തന്റെ ജീവിതവും വാക്കുകളും വഴിയും തന്റെ സാന്നിദ്ധ്യത്തിലൂടെയും സുവിശേഷം കുട്ടികൾ മാതാപിതാക്കളെ അനുകരിച്ചു പഠിക്കുന്ന പോലെ പഠിക്കേണ്ടിയിരിക്കുന്നു. **യേശുവിലുള്ള തന്റെ മാർഗങ്ങൾ:** ഈ 'മാർഗങ്ങൾ' മാനുഷികമാർഗങ്ങളിൽനിന്നും ഇപ്പോൾ കോറിന്തോസുകാർ ചരിച്ചുകൊണ്ടിരിക്കുന്ന (3,3) മാർഗങ്ങളിൽ നിന്നും വ്യത്യസ്തമായ ഒരു പെരുമാറ്റശൈലിയാണ്. **ഉപദേശിക്കാനാണ്:** 'നൂഥെതെയോ' എന്ന ഗ്രീക്കുപദം മനസ്സിൽവയ്ക്കുക, മുന്നറിയിപ്പു കൊടുക്കുക, ശാസിക്കുക തുടങ്ങിയവ അർഥമാക്കുന്നു (റോമാ 15,14; കൊളോ 1,28). പിതാവിന്റെ പൈതൃകശിക്ഷണം ഇത് ഓർമിപ്പിക്കുന്നു.

**4,15: ഞാൻ നിങ്ങൾക്കു പിതാവായി:** സുവിശേഷത്തിൽകൂടി കോറിന്തോസുകാർക്ക് പുതുജീവൻ പ്രദാനംചെയ്ത പൗലോസിന് അവരുമായുള്ള ബന്ധം പിതാ

വിനടുത്തതാണ് (2 കോറി 12,14). അദ്ദേഹത്തിന്റെ ആത്മീയ പിതൃത്വം മറ്റുള്ളവരിലേക്കും വ്യാപിക്കുന്നുണ്ട് (1 കോറി 4,17; ഫിലി 2,22; 1 തിമോ 1,2.18). മോശയുടെ കാലത്ത് അഹറോനെയും അവന്റെ പുത്രന്മാരെയും (പുറ 40,12–15) ദൈവം ഇസ്രായേൽ ഗോത്രങ്ങളുടെ പിതാക്കന്മാരും പുരോഹിതരുമായി ഉയർത്തിയിരുന്നു (ന്യായാ 17,10; 18,19). പുതിയനിയമത്തിലും ഈ പ്രത്യേകത ആത്മീയമായി തുടരുന്നതു കാണാം. ആത്മീയ പിതൃത്വത്തിനായും സുവിശേഷത്തിനുമായി അഭിഷേകംചെയ്യപ്പെടുന്നവർ (റോമാ 15,16) ദൈവജനത്തിന് പിതാക്കന്മാരും അധ്യാപകരുമാണ്. **മാർഗദർശികൾ:** 'പൈഡാഗൊഗോസ്' ബാലന്മാരെ വിദ്യാലയത്തിൽ കൊണ്ടുപോകുകയും തിരികെ കൊണ്ടുവരികയും സഹായിക്കുകയും ചെയ്യുന്ന അടിമകളെ സൂചിപ്പിക്കുന്നു. പ്രായവും പക്വതയുമുള്ള ഇവരെ രക്ഷകർത്താവ് എന്നു വിളിക്കാവുന്നതാണ്. **സുവിശേഷംവഴി:** 'എവങ്കേലിയോൺ' ദൈവത്തിന്റെ രക്ഷാകര പദ്ധതിയും യേശുവിലുള്ള അതിന്റെ നിർവഹണവും അർഥമാക്കുന്നു.

**4,16: എന്റെ അനുകർത്താക്കളാകണം:** സുവിശേഷം എങ്ങനെ ജീവിച്ചുവെന്ന് കണ്ടുപഠിക്കാൻ പൗലോസ് ഉപദേശിക്കുന്നു. സ്നേഹത്തിൽ ഒരുമയോടെ സമൂഹം കെട്ടിപ്പടുക്കാനാണ് അപ്പസ്തോലൻ ശ്രമിച്ചത്. ആത്യന്തികമായി ക്രിസ്തുവിനെയാണ് അനുകരിക്കുന്നത്.

**4,17: തിമോത്തേയോസ്:** പൗലോസിന്റെ സഹചാരി (1 തെസ്സ 1,1; 2 കോറി 1,1; ഫിലി 1,1; ഫിലെ 1; കൊളോ 1,1; റോമാ 16,21). **എന്റെ വഴികൾ:** പൗലോസിന്റെ പ്രബോധനങ്ങളും ജീവിതരീതിയും. 'ഹോദോസ്' എന്ന ഗ്രീക്കുപദം നടത്തം, ജീവിതരീതി, ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന വിധം എന്നീ അർഥങ്ങളിൽ ഉപയോഗിക്കുന്നു (അപ്പ 14,16; യാക്കോ 1,8)

**4,21: വടിയുമായി:** പ്രശ്നങ്ങളുണ്ടാക്കുന്ന കോറിന്തോസുകാർക്കുള്ള ശക്തമായ ഇടയനടുത്ത മുന്നറിയിപ്പ്. മക്കളോട് അമ്മ പുലർത്തുന്ന സമീപനമാണനിത്. 4,15–നോടു ചേർത്തു വായിക്കുമ്പോൾ അപ്പസ്തോലൻ പുലർത്തുന്ന മാതാപിതാക്കളുടെ മനസ്സ് ഇവിടെ കൂടുതൽ വ്യക്തമാക്കപ്പെടുന്നു.

**5,1–6,20:** കോറിന്തോസിലെ ചില പ്രത്യേക പ്രശ്നങ്ങളെ പൗലോസ് ഇവിടെ അഭിസംബോധനം ചെയ്യുന്നു. ലൈംഗിക അരാജകത്വം (5,1–13), ക്രൈസ്തവർക്കിടയിലെ നിയമവ്യവഹാരങ്ങളുടെ അനൗചിത്യം (6,1–11), ലൈംഗിക അരാജകത്വത്തോടുള്ള പൊതു നിർവികാരത (6,12–20) എന്നിവയെല്ലാം ഇതിൽ പെടുന്നു. കോറിന്തോസിലെ സഭയുടെ വിശുദ്ധി അവരുടെയിടയിൽ നിലനിന്നിരുന്ന പാപങ്ങളും സദാചാരവിരുദ്ധ പ്രവർത്തനങ്ങളുംമൂലം അപകടത്തിലാകുന്നു എന്ന് മുന്നറിയിപ്പു നല്കുന്നു.

**5,1: അധാർമികത**: 'പൊർണെയ്യ' എന്ന ഗ്രീക്കുപദം സൂചിപ്പിക്കുന്നത് ലൈംഗിക ദുരാചാരമാണ്. ഇവിടെ സൂചിപ്പിക്കുന്ന രണ്ടാനമ്മയുമായുള്ള ലൈംഗികബന്ധം റോമൻനിയമം വിലക്കിയിട്ടുള്ളതും മോശയുടെ നിയമങ്ങൾ തെറ്റെന്ന് പ്രഖ്യാപിച്ചിട്ടുള്ളതുമാണ് (ലേവ്യ 18,8; നിയ 22,30). ആദിമസഭയും ഇത്തരം തിന്മ വിലക്കിയിരുന്നു (അപ്പ 15,29).

**5,2: എന്നിട്ടും നിങ്ങൾ അഹങ്കരിക്കുകയാണോ?**: ലൈംഗികതിന്മയിൽ കഴിയുന്ന ഒരുവനെ സഭയിൽ തുടരാൻ കോറിന്തോസുകാർ അനുവദിച്ചതിൽ പൗലോസ് രോഷാകുലനാകുന്നു. ഇക്കാര്യത്തിലുള്ള അവരുടെ സഹിഷ്ണുത അവരുടെ ആത്മീയ അപക്വതയുടെ സൂചനയാണ്. **നീക്കിക്കളയുക:** സഭയുടെ കൂട്ടായ്മയിലും ആരാധനയിലുംനിന്ന് കുറ്റവാളിയെ വിലക്കാനുള്ള ആഹ്വാനം.

**5,5: ജഡത്തിന്റെ നാശം:** വ്യക്തിയുടെ മരണമോ സമൂഹത്തിന്റെ ശാപംമൂലമുള്ള പാപിയുടെ വിനാശമോ ആകാം. ജഡം പാപത്തിന്റെ ആധിപത്യത്തിലായിരിക്കുന്ന മനുഷ്യനാണ്. **സാത്താന് അവനെ വിട്ടുകൊടുക്കുക:** സഭാസമൂഹത്തിൽനിന്ന് ബഹിഷ്കരിക്കുകയാണ് ഇതെന്ന് പൊതുവേ കണക്കാക്കപ്പെടുന്നു. സഭ ക്രിസ്തുവിന്റേതും സഭയ്ക്കു പുറമേയുള്ളതെല്ലാം സാത്താന്റേതും എന്ന ചിന്ത അക്കാലങ്ങളിലുണ്ടായിരുന്നു. 'സാത്താൻ' എന്ന ഹീബ്രുപദത്തിനർഥം പ്രതിയോഗി, തടയുന്നവൻ എന്നെല്ലാമാണ്. 'വിട്ടുകൊടുക്കുക' എന്ന നിർദ്ദേശം, 2 കോറി 2,5–11–ൽ പറയുന്ന പാപികളോടുള്ള അനുരഞ്ജന സമീപനത്തിനു വിരുദ്ധമായിതോന്നാം. സഭയിൽനിന്ന് പുറത്താക്കപ്പെടുന്നതോടെ അയാൾ ഒറ്റപ്പെടുകയും ഈ സംഘർഷം അയാളെ തന്റെ തെറ്റിനെക്കുറിച്ച് പശ്ചാത്തപിച്ച് മടങ്ങിവരാൻ പ്രേരിപ്പിക്കുകയും ചെയ്തേക്കാം. ജോബിന്റെ ഗ്രന്ഥത്തിൽ സാത്താൻ പരീക്ഷകനാണ് (ജോബ് 1–2). ജോബ് പരീക്ഷകളിൽ വിജയിച്ചുവരുന്നു. ഹിമെനയോസിനെയും അലക്സാണ്ട്രോസിനെയും പൗലോസ് സാത്താന് ഏല്പിച്ചുകൊടുക്കുന്നത് (1 തിമോ 1,20) അവരെ ശിക്ഷണത്തിന് വിധേയരാക്കാനാണ് (cf. ലൂക്കാ 22,31; 2 കോറി 12,7). **കർത്താവിന്റെ ദിനത്തിൽ:** കർത്താവ് അന്ത്യവിധിക്കായി അണയുന്ന, ആത്യന്തികരക്ഷയുടെ ദിനത്തിൽ. **കാണുക 1,8. ആത്മാവ് രക്ഷപ്രാപിക്കാൻ:** ശിക്ഷയുടെ ലക്ഷ്യം പാപത്തിന് അവന്റെമേലുള്ള ആധിപത്യം തകർക്കാനും അനുതാപത്തിന്റെ പാതയിലേക്കു തിരിച്ചു വരുവാനുമുള്ള അന്തരീക്ഷം സംജാതമാക്കുകയാണ്.

**5,6: പുളിമാവ്:** തിന്മയുടെ ദുഷിപ്പിക്കുന്ന സാന്നിധ്യം (മത്താ 16,11; ലൂക്കാ 12,1; ഗലാ 5,9). ഇവിടെ അത് പാപവും, പ്രത്യക്ഷമായി മ്ലേച്ഛതയും സൂചിപ്പിക്കുന്നു.

**5,7.8:** യഹൂദർ പെസഹാതിരുന്നാളിനെ തുടർന്ന്, പുളിക്കാത്ത അപ്പത്തിന്റെ തിരുനാൾ ആഘോഷിച്ചിരുന്നു. ഇതിനു മുന്നോടിയായി വീടുകളിൽ അവശേഷിച്ചിരുന്ന അപ്പക്കഷണങ്ങളും പുളിപ്പുള്ള മാവും നീക്കംചെയ്തിരുന്നു (പുറ 12,14–20). ഈ ആഘോഷക്രമം ക്രൈസ്തവ ജീവിതത്തിന്റെ മാതൃകയായി അപ്പസ്തോലൻ ചൂണ്ടിക്കാണിക്കുന്നു. കോറിന്തോസുകാർ അവരുടെ സഭയിൽനിന്നും പാപത്തെ ഉന്മൂലനം ചെയ്യുകയും പാപിയെ ആരാധനാഘോഷങ്ങൾക്കുമുമ്പേ പുറത്താക്കുകയും വേണം. (1 കോറി 5,13).

**5,9: കത്ത്:** പൗലോസ് കോറിന്തോസുകാർക്ക് അയച്ചിരുന്ന, ഇപ്പോൾ നിലവിലില്ലാത്ത ഒരു കത്ത്. വിശ്വാസത്തിന് അനുസൃതമല്ലാതെ പെരുമാറുന്ന സദാചാരരഹിതരായ ക്രിസ്ത്യാനികളിൽനിന്ന് അകന്നുനില്ക്കണമെന്നാണ് അദ്ദേഹം എഴുതിയിരുന്നത്. അവരെ സഹിഷ്ണതയോടെ സഭാ കൂട്ടായ്മയിൽ തുടരാനനുവദിക്കുന്നത് അവരുടെ സാക്ഷ്യത്തിന് വിലങ്ങുതടിയാകും.

**5,10.11:** വിശ്വാസികളുടെ ജീവിതത്തിന്റെ മനോഹാരിത അവിശ്വാസികളുടെ ജീവിതപരിവർത്തനത്തിന് നിദാനമായേക്കാമെന്നതിനാൽ അവരുമായുള്ള സംസർഗം ഉപേക്ഷിക്കേണ്ടതില്ല. എന്നാൽ വിശ്വാസികളുടെയിടയിലെ ദുർമാർഗിയുമായി സംസർഗം പാടില്ല. വിശ്വാസസമൂഹത്തിന്റെ ജീവിതവിശുദ്ധിയാണ് അപ്പസ്തോലന്റെ ചിന്താവിഷയം.

**5,13: ദുഷ്ടനെ പുറത്താക്കുക:** നിയമാവർത്തനഗ്രന്ഥത്തിലെ കല്പനപ്രകാരം (17,19; 21,21; 22,21; 24,7) ഗുരുതരമായ കുറ്റങ്ങൾ ചെയ്യുന്നവരെ ശിക്ഷിച്ചിരുന്നത് പൗലോസ് കോറിന്തോസുകാർക്കും ബാധകമാക്കുന്നു. വിശുദ്ധജനത്തിന്റെ പവിത്രത കാത്തുസൂക്ഷിക്കുകയാണ് ഇവിടെ ലക്ഷ്യം.

**6,1–8:** കോറിന്തോസുകാർ കോടതി വ്യവഹാരങ്ങളിൽ ഏർപ്പെട്ടിരിക്കുന്നുവെന്ന വാർത്ത പൗലോസിനെ ആകുലനാക്കുന്നു. സമ്പത്തിനെയും വസ്തുവകകളെയും

ചൊല്ലിയുള്ള വഴക്കുകൾ സഹോദരങ്ങളെപ്പോലെ തീർക്കാതെ, കോറിന്തോസുകാർ റോമൻ കോടതികളിലേക്കു എത്തിച്ചിരുന്നതിനെ പൗലോസ് അപലപിക്കുന്നു. ദൈവത്തിന്റെ ഉടമ്പടികുടുംബത്തിന്റെ ആന്തരിക വിഷയങ്ങളിൽ തീർപ്പുകല്പിക്കേണ്ടത് അവിശ്വാസികളല്ല എന്നാണ് പൗലോസിന്റെ വാദം.

**6,1: തർക്കമുണ്ടെങ്കിൽ:** 'പ്രഗ്മ' എന്ന ഗ്രീക്കുപദത്തിനർഥം 'കാര്യം' എന്നാണെങ്കിലും ഇവിടെ വ്യവഹാരം, തർക്കം എന്നാണ് മനസ്സിലാക്കേണ്ടത്. **നീതിരഹിതർ:** വിജാതീയ ന്യായാധിപന്മാർ. അവർ ക്രിസ്തുവിൽ വിശ്വസിക്കുന്നതുവഴിയുള്ള നീതി പ്രാപിച്ചവരല്ല. അതുകൊണ്ടാണ് അവരെ നീതിരഹിതർ എന്നു വിശേഷിപ്പിച്ചിരിക്കുന്നത്. പൗലോസിന്റെ അഭിപ്രായത്തിൽ, ദൈവത്തിന്റെ ഉടമ്പടിയിൽ വിശ്വാസമില്ലാത്തവർ തങ്ങളെ വിധിക്കാൻ അയോഗ്യരാണ്. വഴക്കുകൾ തീർപ്പാക്കാൻ ജനങ്ങളിൽനിന്നുള്ള ന്യായാധിപന്മാരെ ഇസ്രായേലിൽ നിയമിച്ചിരുന്ന രീതി സഭയിലും തുടരണമെന്ന് അദ്ദേഹം ആഗ്രഹിക്കുന്നു (നിയ 1,9-17;16,18-20).

**6,2:** ലോകാന്ത്യത്തിൽ യേശുവോടൊത്ത് ലോകത്തെ വിധിക്കേണ്ടവരാണ് ക്രിസ്തുവിശ്വാസികൾ (മത്താ 19,28; ലൂക്കാ 22,28-30). അവർ ലോകത്തിന്റെ വിധിയിൽ ക്രിസ്തുവിനോടൊപ്പം പങ്കാളികളായതുകൊണ്ട് (cf. ദാനി 7,22-27) തങ്ങളുടെ തർക്കങ്ങൾ സഭക്കുള്ളിൽത്തന്നെ പരിഹരിക്കാനും കെല്പുള്ളവരാകണം.

**6,3: മാലാഖമാരെ വിധിക്കും:** ബൈബിളിൽ ഇവിടെ മാത്രമാണ് അന്തിമവിധിയിൽ ക്രിസ്ത്യാനികൾ അവിശ്വാസികളേയും (6,2) മാലഖമാരെത്തന്നെയും വിധിക്കുമെന്ന് പറയുന്നത് (2 പത്രോ 2,4; യൂദാ 6). പ്രപഞ്ചത്തിന്റെ അന്തിമവിധിയുടെ മാനദണ്ഡം ക്രിസ്തുവിനോടു ചേർന്നു നില്ക്കലാണ്. സൃഷ്ടികളിൽ ഉന്നതരായ മാലാഖമാർപോലും വിശ്വാസികളാൽ വിധിക്കപ്പെടുമെങ്കിൽ തങ്ങളെത്തന്നെ വിധിക്കാൻ അവർക്കു കഴിയണം. വിശ്വാസികൾ ക്രിസ്തുവിന്റെ സ്വർഗീയവാഴ്ചയിൽ പങ്കാളികളാകുമെന്നുള്ളതാണ് (2 തിമോ 2,12).

**6,7: എന്തുകൊണ്ട് വഞ്ചന സഹിച്ചുകൂടാ?:** തെറ്റുകൾ സഹിക്കുന്നതാണ് അവിശ്വാസികൾക്ക് ഉതപ്പുണ്ടാകുന്ന വിധത്തിൽ അന്യോന്യം കോടതിയിലേക്ക് തള്ളിവിടുന്നതിനെക്കാൾ അഭികാമ്യമെന്നാണ് പൗലോസിന്റെ പക്ഷം (1 പത്രോ 3,17). അനീതിയും വഞ്ചനയും സഹിച്ചതാണല്ലോ കുരിശിന്റെ ഭോഷത്തം (1,23).

**6,9.10:** പ്രമുഖ തുറമുഖപട്ടണമായിരുന്ന കോറിന്തോസിൽ സദാചാരത്തിലും ധാർമികതയിലും വൻതകർച്ചയാണ് ഉണ്ടായിരുന്നത്. ക്രിസ്തീയ ജീവിതത്തിനു നിരക്കാത്ത ഇവിടെ സൂചിപ്പിക്കുന്ന പത്തു പാപങ്ങൾ ദൈവരാജ്യത്തിൽ ഭാഗഭാക്കാകാമെന്ന എല്ലാ പ്രതീക്ഷയും നശിപ്പിക്കുന്നു (ഗലാ 5,19-21; വെളി 21,8).

**6,9: ദൈവരാജ്യം അവകാശമാക്കുക:** വാഗ്ദത്തഭൂമി അവകാശമായി ലഭിക്കുക (നിയ 1,38; പുറ 23,30) എന്നതിനോടു സദൃശമാണ് ദൈവരാജ്യം അവകാശമാക്കുക എന്നത് (സങ്കീ 25,13; 37,9; മർക്കോ 10,23.24; മത്താ 19,23.24; cf. മർക്കോ 10,17; മത്താ 19,16). **പുരുഷവേശ്യകൾ:** ഗ്രീക്കു-റോമൻ സംസ്കാരത്തിൽ വ്യഭിചാരത്തിനായി നിയോഗിക്കപ്പെട്ടിരുന്നവർ. പ്രകൃതിവിരുദ്ധ അസന്മാർഗികപ്രവൃത്തികളെ റോമ 1,26.27-ഉം 1 തിമോ 1,10-ഉം അപലപിക്കുന്നുണ്ട്.

**6,11: നിങ്ങളിൽ ചിലർ അപ്രകാരമായിരുന്നു**: ഒരിക്കൽ പാപത്തിന്റെ തടവുകാരായിരുന്ന (6,9.10) കോറിന്തോസുകാർ മാമ്മോദീസയിലൂടെ വീണ്ടെടുക്കപ്പെട്ടവരും നവീകൃതരുമായി. ദൈവത്തിന്റെ കൃപയും ക്ഷമയും എത്ര വലിയ പാപികളെയും അവരുടെ മാരകമായ തഴക്കങ്ങളിൽ നിന്നും രക്ഷപെടുത്തുമെന്നുള്ളതാണ് ഇവിടെ പ്രസക്തം. **ക്ഷാളനം ചെയ്യപ്പെടുകയും പവിത്രീകരിക്കപ്പെടുകയും നീതിമത്കരിക്കപ്പെ**

**ടുകയും:** കഴുകപ്പെടുന്നത് മാമോദീസയിലേക്കു വിരൽചൂണ്ടുന്നു. തിന്മകളിൽനിന്ന് പൂർണമായി കഴുകി ശുദ്ധരാകുകയും (അപ്പ 22,16) വിശുദ്ധരാകുകയും (റോമാ 6,22) നിത്യജീവന്റെ അവകാശികളായി ദത്തെടുക്കപ്പെടുകയും ചെയ്യുന്നവരാണ് ക്രിസ്ത്യാനികൾ (തീത്തോ 3,5–7). 'നീതിമത്കരണം' യേശുവിലുള്ള വിശ്വാസംവഴിയായി വിശ്വാസിയിൽ നടക്കുന്ന ആത്മീയ മാറ്റമാണ്. ദൈവത്തിന്റെ മുമ്പിൽ കുറ്റവിമുക്തരായിത്തീരലാണിത്.

**6,12: എല്ലാം അനുവദനീയമാണ്:** ഇത് തങ്ങളുടെ വഴിവിട്ട ലൈംഗിക ജീവിതത്തെ ന്യായീകരിക്കാൻ ചില കോറിന്തോസുകാർ കണ്ടുപിടിച്ച ഒരു മുദ്രവാക്യമാകാം. രണ്ടു വിശേഷണങ്ങൾ നിർദ്ദേശിച്ചുകൊണ്ട് പൗലോസ് ഇതിനെ തിരുത്തുന്നു. **എല്ലാം പ്രയോജനകരമല്ല:** യഥാർഥ സ്വാതന്ത്ര്യത്തിലേക്കു നയിക്കാതെ അടിമത്തത്തിലേക്കു കൊണ്ടുപോകുന്നവ പ്രയോജനകരമല്ല. സഭാശരീരത്തെ പടുത്തുയർത്തുന്നതാണ് പ്രയോജനകരം (10,23.24). **ഒന്നിനും ഞാൻ അടിമയാകുകയില്ല:** സ്വാതന്ത്ര്യമുള്ളതെന്നു തോന്നിയേക്കാവുന്ന ചില പ്രവൃത്തികൾ, യഥാർഥത്തിൽ യേശുവിന്റെ കർത്തൃത്വത്തിനു വിരുദ്ധമായേക്കാവുന്ന ഒരു അടിമത്തമായി ഭവിച്ചേക്കാം.

**6,13: ശരീരം കർത്താവിന്:** പല ഗ്രീക്കുകാരേയുംപോലെ കോറിന്തോസുകാരും ലൈംഗികപ്രവൃത്തി ധാർമികതയുമായി ബന്ധമില്ലെന്നു കരുതിയിരുന്നതിനാൽ ശരീരത്തിന്റെ ആസക്തികൾ തൃപ്തിപ്പെടുത്തുന്നത് ആത്മീയജീവിതത്തെ ബാധിക്കില്ല എന്ന വിശ്വാസത്തിലേക്ക് അവരെ നയിച്ചു. വിവാഹ ഉടമ്പടിയിലൂടെ ഒരാൾ ജീവിതപങ്കാളിയുടേത് ആയിത്തീരുന്നതുപോലെ (7,14) മാമ്മോദീസയിലൂടെ വിശ്വാസി ക്രിസ്തുവിനായി സമർപ്പിതനാകുന്നുവെന്നും (6,11) ക്രിസ്തുവിന് ശരീരത്തിന്മേലുള്ള അധികാരം ലൈംഗിക അശുദ്ധതയിൽ ലംഘിക്കപ്പെടുന്നുവെന്നും പൗലോസ് പറയുന്നു.

**6,15: ക്രിസ്തുവിന്റെ അവയവങ്ങൾ:** 12:12–31–ൽ വിപുലമായി വികസിപ്പിച്ചിരിക്കുന്ന ദൈവശാസ്ത്രമാണിത്. **വേശ്യയുടെ അവയവങ്ങൾ:** വിജാതീയ മതാചാരങ്ങളുടെ ഭാഗമായി കോറിന്തോസിലും മറ്റു പലയിടങ്ങളിലും നിലനിന്നിരുന്ന വേശ്യാവൃത്തിയുടെ സൂചനകളാണിവിടെ. ആത്മീയതലത്തിൽ ജീവിക്കുന്ന തങ്ങളെ ശരീരത്തിന്റെ പ്രവൃത്തികളൊന്നും സ്വാധീനിക്കുന്നില്ല എന്ന് ചിലരെങ്കിലും കരുതിയിരുന്നു. വ്യക്തിയെന്ന നിലയിൽ ക്രിസ്തുവിന് നമ്മുടെ മേലുള്ള അവകാശത്തിനു വിരുദ്ധമായ ലൈംഗികബന്ധത്തിന്റെ അടയാളമായും ഇതിനെ കാണാവുന്നതാണ്.

**6,17: കർത്താവിനോടു ചേരുന്നവൻ ...:** ദൈവാത്മാവിന്റെ പ്രവർത്തനത്താൽ വിശ്വാസിയുടെ ആത്മാവ് മഹത്ത്വപൂരിതനായ ക്രിസ്തുവുമായി ആത്മീയമായി ഉറ്റബന്ധത്തിൽ ആയിത്തീരുന്നു.

**6,18:** 'പാപങ്ങളെല്ലാം ശരീരത്തിനു പുറത്താണ്' എന്നത് വ്യാഖ്യാനിക്കുക എളുപ്പമല്ലാത്തതിനാലായിരിക്കാം ഈ വാക്യത്തിന്റെ ചില തർജമകളിൽ 'മറ്റെല്ലാ പാപങ്ങളും' എന്നു കാണുന്നത്. വ്യഭിചാരംപോലെതന്നെ മദ്യപാനം, ആത്മഹത്യ തുടങ്ങിയവയും ശരീരത്തിനെതിരായ പാപമായതിനാൽ ഈ തർജമ സ്വീകര്യമല്ല. കർത്താവിനോട് ഐക്യപ്പെട്ടിരിക്കുന്ന ശരീരം വേശ്യയ്ക്ക് അടിയറ വയ്ക്കുന്നതായിരിക്കാം അപ്പസ്തോലൻ ഇവിടെ ഉദ്ദേശിക്കുന്നത്.

**6,19: പരിശുദ്ധാത്മാവിന്റെ ആലയം:** ജ്ഞാനസ്നാനം ഓരോ മനുഷ്യനെയും പുത്രനായ ദൈവത്തിന്റെ ജീവിതപങ്കാളിയും ആത്മാവായ ദൈവത്തിന്റെ ആലയവുമാക്കുന്നു (റോമാ 8,11; 2 കോറി 1,22; എഫേ 1,14). **നിങ്ങൾക്കു സ്വന്തമല്ല:** നമ്മുടെ

രക്ഷയ്ക്കുവേണ്ടി ക്രിസ്തു സ്വയം ബലിയായി അർപ്പിച്ചു (ഗലാ 1,4; 2,20; 1 പത്രോ 1,18.19). രക്ഷാകരകർമ്മത്തിലൂടെ അവകാശമാക്കിയത് കർത്താവിനു സ്വന്തമാണ്.

**6,20: വിലയ്ക്കുവാങ്ങപ്പെട്ടവർ:** അടിമക്കച്ചവട സമ്പ്രദായമാണ് പശ്ചാത്തലം. വില യ്ക്കുവാങ്ങുന്ന യജമാനന്റെ സ്വത്തായിരുന്നു അടിമ. ദൈവം വാങ്ങിച്ചെങ്കിൽ അത് സ്വാഭീഷ്ടംപോലെ വിനിയോഗിക്കുന്നത് മോഷണമാണ്. **ശരീരംകൊണ്ട് ദൈവത്തെ മഹത്ത്വപ്പെടുത്തുക:** കോറിന്തോസിലെ വിജാതീയർ വിഗ്രഹാരാധനയി ലൂടെയും ലൈംഗിക തിന്മകളിലൂടെയും അവരുടെ ദേവാലയങ്ങളെ കളങ്കപ്പെടുത്തു മ്പോൾ വിശ്വാസികൾ ശുദ്ധതയിലൂടെ തങ്ങളുടെ ശരീരമാകുന്ന ദേവാലയങ്ങളെ ദൈവത്തിന് സമർപ്പിക്കുന്നതുവഴി ദൈവത്തെ മഹത്ത്വപ്പെടുത്തുന്നു (റോമാ 12,1). ശരീരം ആത്മാവിന്റെ ഉപകരണവും മഹത്ത്വത്തിൽ പങ്കുചേരാനുള്ളതുമാണ് (റോമാ 8,19-22).

**7,1-40**: വിവാഹം, ബ്രഹ്മചര്യം, വൈധവ്യം എന്നിവയെക്കുറിച്ച് പൗലോസ് ആധ്യാ ത്മിക നിർദേശങ്ങൾ നല്കുന്നു. ക്രിസ്തുവിന്റെയും (7,10.11). പൗലോസിന്റെത ന്നെയും (7,12.25) നിർദേശങ്ങൾ ഈ അധ്യായത്തിൽ ഉൾച്ചേർത്തിരിക്കുന്നു. പൗലോ സിന്റെതന്നെ ജീവിതരീതിയെക്കുറിച്ചു പ്രതിപാദിക്കുമ്പോൾ (7-8), തന്റെ ബ്രഹ്മച ര്യവും അവിവാഹിതരോടുള്ള പ്രബോധനങ്ങളുംവഴി (cf. 25-35) വിവാഹിതർ സാധാരണ ലൈംഗികബന്ധങ്ങളിൽനിന്നു മാറിനില്ക്കുന്നത് പ്രശംസനിയമാണെന്ന് ചിലരെങ്കിലും കരുതിയിരുന്നു. അവരുടെയിടയിൽ വ്യാപകമായിരുന്ന അസന്മാർഗിക പ്രവണതകളെ ചൂണ്ടിക്കാണിച്ചുകൊണ്ട്, അവരുടെ സംയമനശക്തിയെ അമിതാവേ ശത്തോടെ കാണരുതെന്ന് അപ്പസ്തോലൻ താക്കീതു നല്കുന്നു (1-7). വ്യക്തിക ളെന്ന നിലക്ക് എല്ലാവർക്കും താപസജീവിതത്തിനുള്ള കൃപ ലഭിക്കണമെന്നില്ല എ ന്നതിനാൽ അത് പ്രയോഗികമാകണമെന്നില്ലെന്നും 17-24-ൽ പറയുന്ന പ്രബോധന ങ്ങളിൽ വ്യാപരിക്കുകയാണ് വേണ്ടതെന്നും അപ്പസ്തോലൻ വ്യക്തമാക്കുന്നു.

**7,1: നിങ്ങൾ എഴുതിയ കാര്യങ്ങളെപ്പറ്റി:** കത്തിൽ പലപ്രാവശ്യം കാണുന്ന ഒരു പ്രയോഗം (7,25; 8,11; 12,1; 16,1). കോറിന്തോസുകാർ എഴുതിച്ചോദിച്ചിട്ടുള്ള ചോദ്യ ങ്ങൾക്ക് പൗലോസ് ഉത്തരം നല്കുന്നു. സഭ മുഴുവനും എന്നോ സഭയിലെ ചിലർ എന്നോ ഇവിടെ മനസ്സിലാക്കാം. **സ്ത്രീയെ സ്പർശിക്കാതിരിക്കുകയാണ് ... നല്ലത്:** ലൈംഗികബന്ധം പാടില്ലെന്നു പറയുന്നതിന്റെ വേറൊരു പ്രയോഗം. 'നല്ലത്' എന്നത് ധാർമികമായി നല്ലത് എന്നോ അഭികമ്യമായത് എന്നോ മനസ്സിലാക്കാം. ഇവിടെ പറയുന്നത് പൗലോസിന്റെ അഭിപ്രായമായോ കോറിന്തോസുകാരുടെയിട യിലെ സിനിക് തത്ത്വചിന്തയോ ആകാം. ചില കോറിന്തോസുകാർ വിവാഹവും ശാരീരിക സുഖങ്ങളും വെറുത്തിരുന്നു (1 തിമോ 4,1-3). പൗലോസ് ഇതിനെ ഒരു അർധസത്യമായി മാത്രം കാണുന്നു. ബ്രഹ്മചര്യം നല്ലതാണ്. പക്ഷേ, വിവാഹത്തിന്റെ നന്മയെയോ വിവാഹജീവിത്തിലെ ലൈംഗികബന്ധങ്ങളുടെ സാധുതയെയോ അത് ഇല്ലാതാക്കുന്നില്ല.

**7,3.4: കടമ നിറവേറ്റട്ടെ:** നിലനില്ക്കുന്ന പരസ്പര കടമയാണ് അർഥമാക്കുന്നത്. ഓരോരുത്തരുടെയും സ്വാതന്ത്ര്യത്തെക്കാളും അധികാരത്തെക്കാളും പ്രധാനം കടമ യാണ്. ഇവിടെയെല്ലാം അപ്പസ്തോലൻ സ്ത്രീ-പുരുഷ തുല്യത ഊന്നിപ്പറയുന്നുണ്ട്.

**7,5 പരസ്പരം നിഷേധിക്കരുത്:** 'നിഷേധിക്കരുത്' ('അപ്പോസ്തേരെയോ') എന്ന പദത്തിന് മോഷ്ടിക്കരുത്, വഞ്ചിക്കരുത്, ന്യായമായി അവകാശപ്പെട്ടത് നിഷേധിക്ക രുത് എന്നെല്ലാം അർഥമുണ്ട്. ഭർത്താവും ഭാര്യയും തമ്മിൽ അന്യോന്യമുള്ള ലൈംഗികാവകാശങ്ങൾ നിഷേധിക്കുന്നത് മോഷണമാണ്. ഒരു ജീവിതപങ്കാളിയുടെ ലൈംഗികബന്ധത്തിൽനിന്നുള്ള പിന്മാറ്റം മറ്റെയാളിനെ വിവാഹ ഉടമ്പടിക്കു വെളി യിലെ വിലക്കപ്പെട്ട ബന്ധങ്ങളിലേക്കു നയിക്കാം. **പരസ്പര സമ്മതത്തോടെ മാറ്റിവ**

**യ്ക്കുന്ന സമയം:** വിവാഹിതർ ചിലപ്പോൾ ലൈംഗികബന്ധങ്ങളിൽനിന്നു നിശ്ചിത സമയത്തേക്ക് ഒഴിഞ്ഞുനിന്നേക്കാം. ഇത് പ്രാർഥനയ്ക്കും ആത്മീയ വളർച്ചയ്ക്കും അവസരം ഉണ്ടാക്കുന്നു. എന്നാൽ വിരക്തി അനാവശ്യമായി ദീർഘിപ്പിച്ചാൽ അത് പിശാചിന്റെ കുതന്ത്രങ്ങളാൽ പാപത്തിലേയ്ക്കുള്ള സന്ദർഭങ്ങളുണ്ടാക്കിയേക്കാമെന്നു പൗലോസ് മുന്നറിയിപ്പു നല്കുന്നു.

**7,6: ആനുകൂല്യമായി**: ഇത് 5-ാം വാക്യത്തിൽ കാണുന്ന ആനുകൂല്യമായിരിക്കാനാണ് സാധ്യത; നീതീകരിക്കത്തക്ക കാര്യങ്ങൾക്കുവേണ്ടിയുള്ള 'താത്കാലിക വേർപിരിയൽ' ആണിത്. 7,2.3-ലുള്ളതാണ് ദൈവകല്പന. പ്രത്യേക സാഹചര്യത്തിൽ ആനുകൂല്യം നേടാം. എല്ലായ്പോഴും പിന്തുടരേണ്ടതാകട്ടെ, കല്പനയും.

**7,7 എന്നെപ്പോലെ:** അതായത്, അവിവാഹിതൻ (7,8; 9,5). ബ്രഹ്മചര്യത്തെ വിശ്വാസികൾക്ക് ഏറ്റവും നല്ല മാതൃകയായി പൗലോസ് ചൂണ്ടിക്കാട്ടുന്നു. ക്രിസ്തുവിനെയും അവന്റെ രാജ്യത്തെയും സേവിക്കുന്നതിനും അതു നല്കുന്ന സ്വാതന്ത്ര്യവും സാധ്യതകളും പ്രയോജനകരങ്ങളാകുന്നു. പൗലോസ് ബ്രഹ്മചര്യത്തെ പ്രോത്സാഹിപ്പിക്കുമ്പോഴും ചില കോറിന്തോസുകാരെപ്പോലെ, അത് ആരുടെയുംമേൽ അടിച്ചേല്പിക്കുന്നില്ല. **സ്വന്തമായ ദാനം:** ദാമ്പത്യവും ബ്രഹ്മചര്യവുമാണ് ഇവിടെ അർഥമാക്കുന്നത്. ഇതിനെ സാധാരണ ദൈവദാനങ്ങളായി കാണാം. അപ്പസ്തോലന്റെ ദൈവശാസ്ത്ര നിലപാടിന്റെ വെളിച്ചത്തിൽ വരദാനങ്ങളെ കാണേണ്ടിയിരിക്കുന്നു (12-14 അധ്യായങ്ങൾ).

**7,8: അവിവാഹിതരോടും:** 'അഗോമോസ്' എന്ന ഗ്രീക്കുപദം വിവാഹബന്ധത്തിൽ പ്രവേശിക്കാത്തവരെയോ, വിശ്വാസത്തിന്റെ പേരിൽ ജീവിതപങ്കാളിയിൽനിന്ന് വേർപിരിഞ്ഞവരെയോ സൂചിപ്പിക്കാം. **എന്നെപ്പോലെ:** ഈ ലേഖനമെഴുതുമ്പോൾ പൗലോസ് അപ്പസ്തോലൻ അവിവാഹിതനായിരുന്നുവെന്നത് സ്പഷ്ടമാണ്. അപ്പസ്തോലൻ വിവാഹിതനായിരുന്നെന്നും പിൽക്കാലത്ത് വിഭാര്യനായി എന്നും ചില വ്യഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. അലക്സാണ്ട്രിയായിലെ ക്ലെമെന്റ് രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഇത്തരത്തിൽ പഠിപ്പിച്ചു. ഇതിന് അനുകൂലമായോ പ്രതികൂലമായോ വ്യക്തമായ യാതൊരു തെളിവുകളുമില്ല.

**7,9: കത്തിയെരിയുക:** ലൈംഗിക പ്രലോഭനങ്ങൾ യുവാക്കൾക്കും അവിവാഹിതർക്കും ശക്തമാകാം എന്നതിനാൽ തങ്ങളുടെ വികാരങ്ങളെ നിയന്ത്രിക്കാൻ കഴിയാത്തവർക്ക് വിവാഹം അനുയോജ്യമായ ഒരു അവസ്ഥയാണ്. വിവാഹം കഴിക്കാതിരിക്കുകയും തന്മൂലം വ്യഭിചാരംപോലുള്ള തിന്മയിൽപെടുകയും ചെയ്ത് നിത്യാഗ്നിക്ക് ഇരയാക്കുക എന്നും അർഥമാകാം. വിവാഹം വിശുദ്ധവും ഫലദായകവുമായ ഭാഗഭാഗിത്വമാണ്; അല്ലാതെ, കാമവികാരങ്ങൾക്ക് അറുതിവരുത്താനുള്ള മാർഗമാകരുത് (1 തെസ്സ 4,3-5).

**7,10-16**: വിവാഹമോചനത്തെപ്പറ്റിയാണ് ഇവിടെ പ്രതിപാദിക്കുന്നത്. ആദ്യ ഭാഗം വിശ്വാസികളായ ദമ്പതികളെക്കുറിച്ചും (10-11) രണ്ടാം ഭാഗം ഇരുവിശ്വാസത്തിൽ ജീവിക്കുന്ന ദമ്പതികളെക്കുറുച്ചുമാണ് (12-16). യഹൂദസമൂഹത്തിൽ വിവാഹമോചനം അനുവദനീയമായിരുന്നു (നിയ 24,1-3). എങ്കിലും ഇതിനെതിരേ സംസാരിച്ചിരുന്ന പ്രവാചകശബ്ദവും ഉണ്ടായിരുന്നു (മലാ 2,16; പ്രഭാ 7; 19; 26). ഗ്രീക്കുകാരുടെയും റോമാക്കാരുടെയും ഇടയിൽ ഉഭയസമ്മതപ്രകാരം വിവാഹമോചനം സാധ്യമായിരുന്നു.

**7,10: ഞാനല്ല, കർത്താവുതന്നെ:** വിവാഹത്തെപ്പറ്റി പൗലോസ് പഠിപ്പിക്കുന്നത് ക്രിസ്തുവിൽനിന്നു നേരിട്ടു ലഭിച്ച അധികാരമനുസരിച്ചാണ് (മർക്കോ 10,2-12; ലൂക്കാ 16,18). വാഹമോചനത്തിനു ദമ്പതികൾ തുനിയുന്നത് പൗലോസ് ശക്തിയായി

എതിർക്കുന്നു. അവർ വേർപിരിയാൻ തീരുമാനിക്കുന്നെങ്കിൽ രണ്ടു മാർഗ ങ്ങൾമാത്രം: ഒന്ന് തനിയെ ജീവിക്കുക, അല്ലെങ്കിൽ അനുരഞ്ജനപ്പെടുക (1 കോറി 7,11). വിവാഹബന്ധം ആജീവനാന്തം ഉള്ളതും ദമ്പതികളിലൊരാളുടെ മരണത്തോ ടെമാത്രം അവസാനിക്കുന്നതുമാകയാൽ (7,39; റോമാ 7,23) പുനർവിവാഹത്തിന് അനുവാദം നല്കുന്നില്ല.

**7,11: ഉപേക്ഷിക്കരുത്:** ഇവിടെ 'അഫിയേമി' എന്ന ഗ്രീക്കുപദത്തിന് 'വിവാഹമോ ചനം നടത്തുക' എന്നാണർഥം. കോറിന്തോസിൽ ആദ്യകാലങ്ങളിൽ ഉണ്ടായിരുന്ന താപസ ചിന്താഗതി കലഹങ്ങളിലേക്കും വിവാഹമോചനത്തിലേക്കും നയിച്ചിരുന്ന തിന്റെ പശ്ചാത്തലത്തിലാകാം ഈ പരാമർശം.

**7,12: മറ്റുള്ളവരോട്:** ദാമ്പത്യ ബന്ധത്തിൽ ഒരാൾ മാത്രം ജ്ഞാനസ്നാനം സ്വീക രിച്ച ക്രിസ്ത്യാനിയെങ്കിൽ വേർപിരിയലിനെതിരായ ക്രിസ്തുവിന്റെ പ്രബോധനം ബാധകമല്ല. എന്നാൽ അവരുടെയിടയിൽ സമാധാനന്തരീക്ഷവും വിശുദ്ധിയുടെ പങ്കാളിത്തവും കാണപ്പെടുന്നെങ്കിൽ, പൗലോസ് അപ്പസ്തോലൻ ഈ വേർപിരിയൽ നിരോധനം അങ്ങനെയുള്ള വിവാഹിതർക്കും ബാധകമാക്കുന്നു. **കർത്താവല്ല, ഞാൻ പറയുന്നു**: യേശുവിന്റെ പ്രബോധനങ്ങൾ വ്യക്തമായി നിർദേശിക്കാത്ത മേഖ ലകളിൽ പൗലോസ് അസ്തോലന്റെ അധികാരത്തോടെ പഠിപ്പിക്കുന്നു.

**7,14: വിശുദ്ധീകരിക്കപ്പെടുന്നു:** യഹൂദർ അവിശ്വാസിയായ പങ്കാളിയുടെ അശുദ്ധത യഹൂദപങ്കാളിയെ അശുദ്ധനാക്കും എന്നു വിശ്വസിച്ചിരുന്നപ്പോൾ, വിശ്വാസിയായ പങ്കാളിയുടെ വിശുദ്ധി അവിശ്വാസിയെ വിശുദ്ധനാക്കുമെന്ന് അപ്പസ്തോലൻ പഠിപ്പിക്കുന്നു. വിശ്വാസിയുടെ ജീവിതത്തിലുള്ള ബാഹ്യകൃപ മറ്റുള്ളവരെ വിശുദ്ധി യിലേക്കു നയിക്കും.

**7,15: വേർപിരിയുന്നെങ്കിൽ:** ഒരു വിശ്വാസിയും അവിശ്വാസിയും തമ്മിലുള്ള വേർപി രിയലിനെപ്പറ്റിയുള്ള പൗലോസിന്റെ നിലപാട് കാനാൻ നിയമം പൗലോസിന്റെ പ്രത്യേകാനുകൂല്യം എന്നപേരിൽ പിന്നീട് വികസിപ്പിച്ചു. വേർപിരിയൽ അനുവാദം ക്രിസ്ത്യാനിയല്ലാത്ത വ്യക്തിക്കാണ്. അപ്രകാരം വേർപിരിയുന്നെങ്കിൽ, ക്രൈസ്തവ പങ്കാളിയുടെ വിവാഹബന്ധം നിലനില്ക്കുന്നില്ല. ആ വ്യക്തിക്കു വീണ്ടും വിവാഹം ചെയ്യാം.

**7,17–24:** ക്രിസ്ത്യാനികൾ തങ്ങൾ ആയിരിക്കുന്ന അവസ്ഥയിൽ തൃപ്തരാകാനും മാറ്റാൻ കഴിയാത്ത സാഹചര്യങ്ങളെപ്പറ്റി ആകുലരാകാതിരിക്കാനും പൗലോസ് ഉപ ദേശിക്കുന്നു. ദൈവവിളിപ്രകാരം വന്നുചേർന്ന പുതിയ അവസ്ഥയിൽ ദൈവം ഓരോരുത്തരെയും എവിടേക്കു വിളിച്ചിരിക്കുന്നു എന്നത് പ്രാധാന്യമുള്ളതാണ്. ദൈവം വിളിക്കുന്ന സാഹചര്യം എന്താണോ അതിൽത്തന്നെയാണ് ഓരോരുത്തരും ദൈവത്തെ സേവിക്കേണ്ടത്.

**7,18: പരിച്ഛേദനത്തിന്റെ അടയാളങ്ങൾ മാറ്റുക:** വിശ്വാസത്യാഗവുമായി ബന്ധപ്പെട്ട കർമം (1 മക്ക 1,15).

**7,21:** ഈ വാക്യത്തിലെ 'ഖ്രേസായ്' എന്ന ഗ്രീക്കു പദത്തിന് പ്രയോജനപ്പെടുത്തുക, സഹിക്കുക, ജീവിക്കുക എന്നീ അർഥങ്ങളുണ്ട്. ഈ ക്രിയാപദത്തിന്റെ കർമം കൊടു ത്തിട്ടില്ലാത്തതിനാൽ രണ്ടു വ്യാഖ്യാന സാധ്യതകളുണ്ട്. സ്വതന്ത്രനാകാൻ കഴിയുമെ ന്നിരുന്നാലും അത് (അടിമത്വം) അനുഭവിക്കുക; സ്വാതന്ത്ര്യം ലഭിക്കാൻ സാധ്യതയു ണ്ടെങ്കിൽ അതു പ്രയോജനപ്പെടുത്തുക. ഏത് അർഥമായാലും, വിശ്വാസിയുടെ ആന്തരിക സ്വാതന്ത്ര്യമാണ് പ്രധാനം എന്നാണ് അപ്പസ്തോലൻ പറയുന്നത്.

**7,25: കന്യകകളെപ്പറ്റി:** 'പാർത്തെനോൺ' എന്ന പദം 7,28-ലും 7,34-ലും വിവാഹ പ്രായമായ യുവതിയെയാണ് ഉദ്ദേശിക്കുന്നത്. എന്നാൽ, 7,25-34-ൽ വിശാലാർഥ ത്തിൽ കന്യകയും അവിവാഹിതനായ പുരുഷനും അർഥമാക്കുന്നു. കോറിന്തോസി ലുള്ളവരുടെ ചോദ്യങ്ങൾക്ക് പൗലോസ് ഉപദേശരൂപേണ നല്കുന്നത് ക്രിസ്തു വിന്റെ പ്രബോധനങ്ങളല്ല, തന്റെതന്നെ മറുപടിയാണ്. **അഭിപ്രായം:** 'ഗ്നോമേ' എന്ന പദത്തിന് ആലോചന, തീരുമാനം എന്നെല്ലാം അർഥമുണ്ട്. അപ്പസ്തോലന്റേത് വെറും അഭിപ്രായം മാത്രമല്ല.

**7,26: ഇപ്പോഴത്തെ ഞെരുക്കം:** ക്ലേശങ്ങളും പ്രയാസങ്ങളും ലോകാവസാനം അടു ക്കുമ്പോൾ സംഭവിക്കുന്നത് എന്നതിനേക്കാൾ മെസിയാനികയുഗത്തിന്റെ സവിശേഷ തകളാണ്. പൗലോസ് ഇവിടെ പൊതുവായ പശ്ചാത്തലമാണ് ഉദ്ദേശിക്കുന്നതെങ്കിൽ, വിവാഹജീവിതത്തിലെ എക്കാലത്തുമുള്ള ബുദ്ധിമുട്ടുകളാൽ അവിവാഹിത ജീവിത മായിരിക്കാം ഉദ്ദേശിക്കുന്നത്. സാധാരണ ജീവിതത്തിലെ ക്ലേശങ്ങൾ ക്രിസ്തുവിനോ ടുള്ള അവിഭക്ത സമർപ്പണത്തിന് തടസ്സമാകാം. മറിച്ച് പ്രത്യേക കാര്യമാണെങ്കിൽ, കോറിന്തോസിലെ പ്രത്യേക സാഹചര്യത്തിൽ അവിവാഹിത ജീവിതമായിരിക്കാം ഉദ്ദേശിക്കുന്നത്. കുടുംബത്തിന്റെ ഐശ്വര്യത്തിനായി സമർപ്പിതരായ ക്രൈസ്തവ ദമ്പതികൾക്കെതിരേ അവിടെ മതപീഡനം പൗലോസ് പ്രതീക്ഷിക്കുന്നു.

**7,27: ബന്ധിതൻ:** വിവാഹബന്ധത്തിൽ കഴിയുന്നവൻ. ഈ വാക്യത്തിന്റെ രണ്ടാം ഭാഗം ബ്രഹ്മചാരികളെയും വിവാഹബന്ധത്തിൽനിന്ന് മോചിതരായവരെയുമാണ് പരിഗണിക്കുന്നത്.

**7,28: പാപം ചെയ്യുന്നില്ല:** വിവാഹം നിരുത്സാഹപ്പെടുത്തുകയോ നിരസിക്കുകയോ ചെയ്തിരുന്ന ചില കോറിന്തോസുകാരുടെ നിലപാടുകൾക്കെതിരെയുള്ള വിശദീകര ണം.

**7,29: സമയം പരിമിതമാണ്:** 'കൈറോസ്' നിശ്ചയിക്കപ്പെട്ട, ഉചിതമായ സമയമാണ്. രക്ഷയ്ക്ക് അനുയോജ്യമായ സമയം എന്ന അർഥത്തിൽ ഇതെടുക്കാം. 'പരിമിതം' എന്നു പറയുമ്പോൾ സമയത്തിന്റെ ദൈർഘ്യത്തെക്കാൾ അതിന്റെ സവിശേഷത യാണ് അപ്പസ്തോലന്റെ ചിന്തയിൽ. കർത്താവിന്റെ മരണോത്ഥാനത്തിൽ ആരംഭിച്ച നവയുഗം മഹത്വപൂരിതാന്ത്യത്തിലേക്ക് അതിവേഗം നീങ്ങിക്കൊണ്ടിരിക്കുന്നു.

**7,36:** വിവാഹബന്ധത്തിലേർപ്പെടാതെ, ബ്രഹ്മചര്യവ്രതം പാലിച്ചുകൊള്ളാം എന്ന വാഗ്ദാനത്തോടെ, സ്ത്രീയും പുരുഷനും ഒരുമിച്ചുജീവിക്കുകയെന്ന ആചാരമാകാം ഇവിടെ സൂചിന. എന്നാൽ, ഒരു പിതാവിന്, അവിവാഹിതയായ തൻെറ പുത്രിയെ വിവാഹം കഴിച്ചുകൊടുക്കാനുള്ള കടപ്പാടാണ് ഇവിടെ സൂചിപ്പിക്കുന്നത് എന്നോ, വിവാഹവാഗ്ദാനം മാത്രം നടത്തിയ സ്ത്രീപുരുഷൻമാർ തമ്മിലുള്ള ബന്ധത്തിൽ അനുചിതസമീപനങ്ങൾ ഒഴിവാക്കാൻ കഴിയുന്നില്ലെന്നു കണ്ടാൽ അവർ വിവാഹം കഴിക്കട്ടെ എന്നോ ഈ വാക്യം വ്യാഖ്യാനിക്കുന്നവരുണ്ട്. **തന്റെ കന്യകയോട്:** വിവാഹനിശ്ചയം കഴിഞ്ഞവളോട് എന്നനുമാനിക്കാം. **നിയന്ത്രണാതീതമെങ്കിൽ;** വിവാഹപ്രായം കഴിഞ്ഞുപോകാൻ സാധ്യതയുണ്ടാവുകയോ അവന്റെ വികാരങ്ങൾ നിയന്ത്രണാതീതമാകുകയോ, തന്മൂലം സംയമനത്തോടെ പെരുമാറാൻ കഴിയാതാകു കയോ ചെയ്താൽ എന്ന് മനസ്സിലാക്കാം.

**7,39.40:** വിധവകളുടെ കാര്യത്തിലും ഈ തത്ത്വം ബാധകമാക്കുന്നു. പുനർവിവാഹി തരാകാൻ വിധവ തീരുമാനിക്കുന്നെങ്കിൽ വിശ്വാസിയായ ഭർത്താവിനെ സ്വീകരിക്ക ണം.

**8,1–11,1:** കോറിന്തോസുകാരുടെ രണ്ടാമത്തെ ചോദ്യം വിഗ്രഹങ്ങൾക്കർപ്പിച്ച മാംസത്തെപ്പറ്റിയാണ്. ഇത്തരം കാര്യങ്ങളിൽ അവർ പ്രകടിപ്പിച്ചിരുന്ന ക്രമരഹിതമായ സ്വാതന്ത്ര്യം തിരുത്തുന്നതിനാണ് പൗലോസ് അപ്പസ്തോലൻ ശ്രമിക്കുന്നത്. ദൈവശാസ്ത്രപരമായ വിചിന്തനങ്ങളുടെ പ്രതിഫലനങ്ങൾ അടങ്ങുന്ന വാദങ്ങളാണ് ഇവിടെയുള്ളത്. ഇവിടെ കൈകാര്യം ചെയ്യുന്ന പ്രശ്നം സമകാലീനമാണെങ്കിലും അപ്പസ്തോലൻ മുന്നോട്ടുവയ്ക്കുന്ന ധാർമികതീരുമാനങ്ങളുടെ നയരേഖകൾ എന്നും പ്രസക്തമാണ്. പ്രധാനമായും, സമൂഹമെന്ന നിലയ്ക്കാണ് അവരുടെ ക്രിസ്തീയ സ്വാതന്ത്ര്യം കാണേണ്ടത്. ദൈവവുമായുള്ള വ്യക്തിബന്ധത്തിൽ വളരെ പ്രസക്തമായി കരുതാവുന്ന പല തീരുമാനങ്ങളും യഥാർഥത്തിൽ വലിയ സാമൂഹ്യ പ്രത്യാഘാതങ്ങൾ ഉളവാക്കുന്നവയാണ്. തന്നെയുമല്ല, ധാർമിക തീരുമാനങ്ങൾ, കേവലം സൈദ്ധാന്തികമായ പരിഗണനകൾമാത്രം വച്ചുകൊണ്ടുള്ളതാവാൻ പാടില്ല, പിന്നെയോ, സാഹചര്യങ്ങൾക്കനുസരിച്ച്, പ്രത്യേകിച്ച് മറ്റു വ്യക്തികളുടെ പ്രാധാന്യവും ആവശ്യവും സഭയിലെതന്നെ പരസ്പര ഉത്തരവാദിത്വവും അടിസ്ഥാനപ്പെടുത്തിയുള്ളതാവണം. വ്യക്തികളുടെ പ്രവർത്തനങ്ങൾ സമൂഹത്തിന്റെതന്നെ അഭിവൃദ്ധിക്കും വളർച്ചക്കും ഉതകുന്നതാവണം എന്ന ആശയം ഇവിടെ അവതരിപ്പിക്കുന്നു. വർഷങ്ങൾക്കുശേഷം, വിഗ്രഹാർപ്പിത മാംസത്തെക്കുറിച്ച് പൗലോസ് റോമ 14,1–15,6-ൽ പ്രതിപാദിക്കുന്നുണ്ട്.

**8,1: വിഗ്രഹങ്ങൾക്കർപ്പിച്ച ഭക്ഷ്യവസ്തുക്കൾ:** ഗ്രീക്കുകാർ 'ദൈവത്തിന്/അമ്പലങ്ങളിൽ ബലിയർപ്പിച്ചത്' എന്നാണ് പറഞ്ഞിരുന്നത്. ബലിമൃഗത്തിന്റെ മാംസംമുഴുവൻ ഭക്ഷിച്ചുതീർക്കാൻ സാധിക്കാത്ത അവസരങ്ങളിൽ മാംസം ഇറച്ചിക്കടകളിൽ വില്പന നടത്തിയിരുന്നു. **അറിവ് ...:** കോറിന്തോസുകാരുടെ ആത്മാഭിമാനം വിളിച്ചറിയിക്കുന്ന 6,2-നു സമാനമായ ചൊല്ല്.

**8,3: ദൈവത്താൽ അറിയപ്പെടും:** ദൈവത്തെ സ്നേഹിക്കുന്നവരെ ദൈവം അംഗീകരിക്കും, സ്നേഹിക്കും എന്നർഥം. ജ്ഞാനം മാത്രം പോരാ, ജ്ഞാനത്തെ സ്നേഹം മയപ്പെടുത്തണം.

**8,4:** ഇവിടെയുള്ള ഉദ്ധരണികൾ ദൈവത്തിന്റെ ഏകത്വവും വിഗ്രഹത്തിന്റെ അർഥമില്ലായ്മയും സൂചിപ്പിക്കുന്നു. ഹീബ്രുഭാഷയിൽ വിഗ്രഹങ്ങളെ 'എല്ലീലിം' (അസ്തിത്വമില്ലാത്തവ) എന്നാണു വിളിച്ചിരുന്നത്.

**8,5: അനേകം ദേവന്മാരും ...:** ദേവന്മാർ ഉണ്ട് എന്ന് ജനങ്ങൾ വിശ്വസിച്ചിരുന്നു എന്ന കാര്യമാണ് പൗലോസ് ഇവിടെ അനുസ്മരിക്കുന്നത്.

**8,6:** ഇവിടെ ഏകദൈവത്തെ പിതാവായും സ്രഷ്ടാവായും എല്ലാറ്റിന്റെയും ആത്യന്തിക ലക്ഷ്യമായും അപ്പസ്തോലൻ കാണുന്നു. ദൈവം ഇസ്രായേൽ ജനത്തിന്റെ പിതാവായി പഴയനിയമഗ്രന്ഥങ്ങളിലുമുണ്ട് (ഏശ 63,16; മലാ 2,10; ജറെ 3,19; 31,9). **നാം അവനിലേക്കും:** നമ്മുടെ ജീവിതത്തിന്റെ ലക്ഷ്യം ദൈവമാണ് എന്നർഥം.'നാം ജീവിക്കുന്നത് അവനിലാണ്' എന്ന പരിഭാഷയും ഇവിടെ സാധ്യമാണ്. **അവൻ വഴി എല്ലാമുണ്ടായി:** സൃഷ്ടികർമത്തിലുള്ള യേശുവിന്റെ പങ്കാളിത്തം സൂചിപ്പിക്കുന്ന പരാമർശം (യോഹ 1,3; കൊളോ 1,15.16).

**8,7: ഈ ജ്ഞാനം:** വിഗ്രഹങ്ങൾ ഒന്നുമല്ല എന്ന അറിവാണ് ഉദ്ദേശിക്കുന്നത്.

**8,8–12:**ഭക്ഷണവസ്തുക്കളുടെ കാര്യത്തിൽ, അതിൽത്തന്നെ അധാർമികമായി ഒന്നുമില്ലെങ്കിൽത്തന്നെയും, ചില പ്രത്യേക സാഹചര്യങ്ങളിൽ ചിലതു ഭക്ഷിക്കുന്നത് തിന്മയാകാം.

**8,9: പതനഹേതു:** വിശ്വാസത്തിൽനിന്നു മാറാൻ കാരണമാകുക എന്നാണ് സൂചന (cf. 1,18; 9,12; 10,12.32; 2 കോറി 6,3; റോമ 14,13.20.21). 'പരസ്പരം വളർത്തുക' എന്നതിനു വിപരീതമാണിത്.

**8,13:** ബലഹീനന് ദുഷ്പ്രേരണയ്ക്ക് കാരണമാകാതിരിക്കാൻ ബലവാൻ ന്യായമായതുപോലും വേണ്ടെന്നു വയ്ക്കുന്നതാണ് ക്രിസ്തീയസ്നേഹം.

**9,1–27:** 8,13-ൽ സൂചിപ്പിക്കുന്ന മാതൃക അനുകരിക്കുന്നതിനായുള്ള വികാരനിർഭരമായ അഭ്യർത്ഥനയാണ് ഇവിടെ. 8,9-ലെ അനുശാസനങ്ങളെ അരക്കിട്ടുറപ്പിക്കുകയെന്നതാണ് ഇതിന്റെ ലക്ഷ്യം. പ്രാരംഭത്തിലെ രണ്ടു ചോദ്യങ്ങൾതന്നെ പൗലോസ് അപ്പസ്തോലന്റെ സ്വാതന്ത്ര്യത്തിന്റെയും അപ്പസ്തോലിക ദൗത്യത്തിന്റെയും ആശയങ്ങളെ അനാവരണം ചെയ്യുന്നുണ്ട്. ഈ ആശയങ്ങൾ, ഈ അധ്യായത്തിൽത്തന്നെ തന്റെ അപ്പസ്തോലിക ദൗത്യത്തെയും അതിൽ നിന്ന് ഉദ്ഭവിക്കുന്ന അവകാശങ്ങളെയും സംബന്ധിച്ച് 1–18 വരെ വാക്യങ്ങളിലും, അപ്പസ്തോലന്റെ സ്വാതന്ത്ര്യത്തെ സംബന്ധിച്ച് 19–27 വരെ വാക്യങ്ങളിലും വിശദീകരിക്കുന്നു.

Logos Study Guide
1 Corinthians 1-8
KCBC Bible Commission
POC, Kochi-682025